ഡിസംബർ 2014

# ലിറ്റിൽ മാസിക


154





ഒരു തൂപ്പുകാരനെ തൂപ്പുകാരൻ എന്നു വിളിക്കണമെങ്കിൽ അയാളുടെ പ്രവൃത്തി മൈക്കലാഞ്ജലയോയുടെ ചിത്രരചന പോലെയോ ബിഥോവൻ സംഗീതസംവിധാനം ചെയ്യുന്നതുപോലെയോ ഷേക്സ്പിയർ കവിത രചിക്കുന്നതുപോലെയോ തന്നെ ആകണം. ഒരു നല്ല തൂപ്പുകാരൻ തന്റെ ജോലി വൃത്തിയായി ചെയ്തു കഴിഞ്ഞാൽ ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ളവർ അതുകണ്ടിട്ട് ഇങ്ങനെ പറയും: 'ഇവിടെ തന്റെ ജോലി ഭംഗിയായി നിർവ്വഹിച്ചിരുന്ന മഹാനായൊരു തൂപ്പുകാരൻ ജീവിച്ചിരുന്നു.'

**-മാർട്ടിൻ ലൂഥർ കിങ്-ജൂനിയർ**



# ആഹ്ലാദത്തേക്കാൾ മികച്ചത് കർമ്മഗൗരവം

**റാൻഡിപോഷ്**

ആഹ്ലാദവാനായ മനുഷ്യനെയപേക്ഷിച്ച് ഞാനെപ്പോഴും കർമ്മനിരതനായ ആളെയായിരിക്കും സ്വീകരിക്കുക. കാരണമുണ്ട്. ആഹ്ലാദം കുറച്ചുകാലത്തേക്കുള്ളതാണ്. കർമ്മഗൗരവം നീണ്ടകാലത്തേക്കുള്ളതും.

കർമ്മഗൗരവം വളരെ വിലകുറച്ചു കാണിക്കപ്പെടുന്നുണ്ട്. അത് അകക്കാമ്പിൽ നിന്ന് വരുന്നതാണ്. പക്ഷേ ഉപരിതലത്തിൽ മാത്രം നിൽക്കുന്നവ കൊണ്ട് നിങ്ങളെ ആകർഷിക്കാൻ ആഹ്ലാദം ശ്രമിക്കുന്നു. ആഹ്ലാദവാൻമാരായ ആളുകൾ പാരഡികൾ ഇഷ്ടപ്പെടുന്നു. പക്ഷേ, സമയം കളയുന്ന ഒരു പാരഡിയിൽ ഒന്നുമില്ല. ഉണ്ടോ? തലമുറകളോളം നിലനിൽക്കുന്ന എന്തെങ്കിലും ചെയ്യുന്ന കർമ്മനിരതനായ മനുഷ്യനെ ഞാൻ കൂടുതൽ ബഹുമാനിക്കുന്നു. ആഹ്ലാദവാൻമാരായ മനുഷ്യരാകട്ടെ പാരഡി ആവശ്യമുണ്ടെന്നു കരുതുന്നു.

കർമ്മനിരതനായ ആരെയെങ്കിലും കുറിച്ചു ചിന്തിക്കുമ്പോൾ കഠിനാദ്ധ്വാനം ചെയ്ത് ഈഗിൾ സ്കൗട്ടുവരെയായ ഒരു ബോയ് സ്കൗട്ടിനെക്കുറിച്ച് ഞാൻ ചിന്തിക്കും. ആളുകളെ ജോലിക്കെടുക്കാനായി അഭിമുഖം നടത്തുമ്പോൾ ഈഗിൾ സ്കൗട്ടായിരുന്ന ഒരു ഉദ്യോഗാർത്ഥി എത്തിയാൽ ഞാനയാളെ എടുക്കാൻ ശ്രമിക്കും. ആഹ്ലാദപരതയിലുള്ള ഉപരിപ്ലവമായ പ്രേരണയെക്കാൾ തൂക്കമുള്ള കർമ്മഗൗരവം അയാളിലുണ്ടെന്ന് എനിക്കറിയാം.

അതേക്കുറിച്ച് ചിന്തിച്ചുനോക്കൂ. പതിന്നാല് വയസ്സിൽ ചെയ്ത ഒരു കാര്യം അൻപതാം വയസ്സിലും നിങ്ങളുടെ ബയോഡാറ്റയിൽ ഉൾപ്പെടുത്താമെങ്കിൽ അത് ഈഗിൾ സ്കൗട്ടായ കാര്യം മാത്രമായിരിക്കും. ഇപ്പോഴും അത് ആളുകളിൽ മതിപ്പുണ്ടാക്കുകയും ചെയ്യും. (കർമ്മനിരതനാകാനുള്ള ശ്രമങ്ങൾക്കിടയിലും അത് ഈഗിൾ സ്കൗട്ട് വരെയെത്തിക്കാൻ എനിക്ക് കഴിഞ്ഞില്ല).

ഈ ആഹ്ലാദപരത കച്ചവടമായി വേഷം മാറുന്നതാണ് ഫാഷൻ. എനിക്കൊരിക്കലും ഫാഷനിൽ താൽപര്യമുണ്ടായിട്ടില്ല. അപൂർവ്വമായേ ഞാൻ പുതിയ വസ്ത്രങ്ങൾ വാങ്ങാറുള്ളൂ. ഫാഷൻ ഔട്ട് ഓഫ് ഫാഷനാകുന്നു. വീണ്ടും ഫാഷനായി തിരിച്ചുവരുന്നു. എവിടെയോ ഉള്ള കുറച്ചാളുകളുടെ കച്ചവടതാൽപര്യം മാത്രമാണിതെന്നതാണ് വസ്തുത. ഫാഷൻ ഒരു ചിത്തഭ്രമമാണെന്നാണ് ഞാൻ കരുതുന്നത്.

എന്റെ മാതാപിതാക്കൾ പഠിപ്പിച്ചതിങ്ങനെയാണ്: പഴയ വസ്ത്രങ്ങൾ ഉപയോഗശൂന്യമാകുമ്പോൾ നീ പുതിയ വസ്ത്രങ്ങൾ വാങ്ങുക. ലാസ്റ്റ് ലക്ചർ സമയത്ത് ധരിച്ച വസ്ത്രങ്ങൾ കണ്ട ആർക്കും ഞാനാ ഉപദേശമനുസരിച്ചാണ് ജീവിച്ചതെന്ന് മനസ്സിലാകും! എന്റെ വസ്ത്രശേഖരം ഒട്ടും ആഹ്ലാദകരമല്ല കർമ്മനൈപുണ്യത്തിന് പറ്റിയതാണത്. അതെന്നെ ഒരു കുഴപ്പവുമില്ലാതെ മുന്നോട്ടു കൊണ്ടുപോകുന്നു.

*(പാൻക്രിയാസ് ക്യാൻസർ ബാധിച്ച് ഇനി അധികം ആയുസ്സില്ലെന്നറിഞ്ഞ്, മരിക്കും മുമ്പേ അന്ത്യപ്രഭാഷണം നടത്തി ലോകത്തെ പ്രചോദിപ്പിച്ച അമേരിക്കൻ എഞ്ചിനീയർ റാൻഡിപോഷിന്റെ അന്ത്യപ്രഭാഷണം (The Last Lecture) എന്ന പുസ്തകത്തിൽ നിന്ന്.)*


copyleft

ലിറ്റിൽ മാസിക

154

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

പത്രാധിപ സമിതി
**പി.എം. ജോൺ**
**സതീഷ് ചളിപ്പാടം**
**ചന്ദ്രബാബു തൃക്കലങ്ങോട്**
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

**കത്തുകളും പ്രതികരണങ്ങളും**
ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ,
മലപ്പുറം-679334



ഗംഗയും യമുനയും സംരക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിലും ഓരോ ചെറു നീർതുള്ളികളെയെങ്കിലും സംരക്ഷിക്കാൻ കഴിയും. ആ ഓരോ തുള്ളിയും വിലപ്പെട്ടതാണ്...

# ആബിദിന്റെ ഞായറാഴ്ച്ചകൾ

'ഓരോ തുള്ളിയും സംരക്ഷിക്കുക' ഇതാണ് ആബിദ് സുർത്തിയുടെ ആപ്തവാക്യം. ദേശീയ പുരസ്കാരം നേടിയ എഴുത്തുകാരൻ, ചിത്രകാരൻ, കാർട്ടൂണിസ്റ്റ്, നാടകകൃത്ത് ഇതെല്ലാമായ ആബിദ് പക്ഷെ ഞായറാഴ്ച്ചകളിൽ മുംബൈയിലെ തെരുവുകളിൽ കേടുവന്ന വാട്ടർ ടാപ്പുകൾ സൗജന്യമായി നന്നാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണ്. സർവ്വകലാവല്ലഭനായ ആബിദിനോട് ചോദിക്കൂ ഏതാണ് നിങ്ങളുടെ ഏറ്റവും വലിയ നേട്ടം എന്ന്. അദ്ദേഹം പറയും 1.5 മില്യൺ ലിറ്റർ വെള്ളം പാഴാവാതെ പരിരക്ഷിച്ചു എന്നതാണ് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം എന്ന്.ഞായറാഴ്ചകളിൽ മുംബൈ മിറാ റോഡ് സബർബിലെ ഒരു കെട്ടിടം ലക്ഷ്യമാക്കി ഒരു പ്ലംബറെയും ഒരു സഹായിയെയും കൂട്ടി പോവുകയാണ്. ആരുടെയെങ്കിലും വാട്ടർ ടാപ്പ് ലീക്ക് ചെയ്യുന്നുണ്ടോ എന്നു നോക്കി അന്വേഷിച്ച് കണ്ടെത്തിയാൽ സൗജന്യമായി നന്നാക്കി കൊടുക്കും.

എന്താണ് ആബിദിന്റെ പ്രതിഫലം? ധാരാളം വെള്ളം പാഴാവാതെ സംരക്ഷിക്കാൻ കഴിഞ്ഞു. ചിലപ്പോൾ ഉച്ചഭക്ഷണത്തിനുള്ള ആരുടെയെങ്കിലും ക്ഷണം. ആബിദിന്റെ സർക്കാരിതര സംഘടനയായ ഡ്രോപ്പ് ഡെഡിൽ ഒറ്റ ജീവനക്കാരനേയുള്ളൂ-താൻ തന്നെ! ചെറുപ്പത്തിൽ തന്നെ വെള്ളത്തിന്റെ മൂല്യം അറിഞ്ഞാണ് ആബിദ് വളർന്നത്. മുംബൈയിൽ ജലക്ഷാമമുള്ള പ്രദേശത്ത് കുട്ടിക്കാലം ചിലവിട്ട ആബിദ് ഓരോ തുള്ളി വെള്ളവും എത്ര അമൂല്യമാണ് എന്ന് തിരിച്ചറിഞ്ഞു. ഒരിറ്റ് വെള്ളത്തിന് യുദ്ധം തന്നെ നടക്കുമായിരുന്നു. അതിനാൽ ഒരു തുള്ളി വെള്ളം പോലും പാഴാവുന്നത് എനിക്ക് സഹിക്കാവുന്നതിലുമപ്പുറമാണ്.ഒരിക്കൽ ഒരു സുഹൃത്തിന്റെ വീട്ടിലിരിക്കുമ്പോഴാണ് ടാപ്പിൽ നിന്നും വെള്ളം നിർത്താതെ ഒഴുകുന്ന ശബ്ദം കേട്ടത്. വീട്ടുകാരനോട് ചോദിച്ചപ്പോൾ പതിവ് മറുപടി. പ്ലംബറെ കിട്ടാനില്ല. ആബിദ് പറഞ്ഞു. 'ഞാൻ ടാപ്പ് ശരിയാക്കാം.' അങ്ങനെയാണ് ആബിദ് ഈ രംഗത്തേക്ക് വരുന്നത്. ഓരോ സെക്കന്റിലും ഓരോ തുള്ളി പാഴായാൽ ഓരോ മാസവും പാഴാവുന്ന ജലത്തിന്റെ അളവ് 1000 ലിറ്റർ എന്ന കണക്ക് ആബിദിനെ മാറ്റിമറിച്ചു.

2007 അന്തർദേശീയ ജലവർഷമായി ആചരിക്കുന്ന സന്ദർഭത്തിൽ ഒരു ലക്ഷം രൂപയുടെ സാഹിത്യപുരസ്കാരം ഉത്തർപ്രദേശ് ഗവൺമെന്റിൽ നിന്ന് കിട്ടിയത് ആബിദ് തന്റെ ജലസംരക്ഷണ പ്രവർത്തനത്തിന് ചിലവിട്ടു. ഓരോ വർഷവും ശരാശരി 1,600 വീടുകളെങ്കിലും സന്ദർശിച്ച് ടാപ്പുകൾ നന്നാക്കുന്നു. പ്രതിവർഷം 4,14,000 ലിറ്റർ വെള്ളം ആബിദ് സംരക്ഷിക്കുന്നു. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും സമാനമായ പദ്ധതി അതാതു പ്രദേശത്തെ വൊളണ്ടിയർമാരെ പങ്കെടുപ്പിച്ച് നടപ്പാക്കുന്നതിനാണ് ആബിദ് ലക്ഷ്യം വെക്കുന്നത്. ആബിദിന്റെ പ്രവർത്തനം അന്തർദേശീയ മാധ്യമങ്ങൾ വരെ ചർച്ച ചെയ്തു. ജർമ്മനിയിൽ നിന്ന് ഒരു സംഘം വന്ന് ആബിദിന്റെ ജലസംരക്ഷണ പ്രവർത്തനങ്ങളെ ആസ്പദമാക്കി ഡോക്യുമെന്ററി തയ്യാറാക്കി യൂറോപ്പിലാകെ സംപ്രേഷണം ചെയ്തു.

ആബിദിന് ലോകത്തോട് പറയാൻ ഒരു ചെറുസന്ദേശമുണ്ട്. "നിങ്ങൾക്ക് ഗംഗയും യമുനയും സംരക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിലും ഓരോ ചെറു നീർതുള്ളികളെയെങ്കിലും സംരക്ഷിക്കാൻ കഴിയും. ആ ഓരോ തുള്ളിയും വിലപ്പെട്ടതാണ്."

ആബിദ് സുർത്തി (77)
സംരംഭം: ഡ്രോപ്പ് ഡെഡ് ഫൗണ്ടേഷൻ

ജലപോരാളി ആബിദ് സുർത്തിക്ക് പുസ്തകരചനയും കാർട്ടൂൺ രചനയും ഞായറാഴ്ചകളിൽ ഇല്ല. പകരം മിറാ റോഡിലെ തെരുവിൽ പൊട്ടിയ ടാപ്പ് നന്നാക്കുന്ന ജോലിത്തിരക്കിലാവും.

സാഹസികനായ ബഹാദൂർ എന്ന കോമിക് നായക കഥാപാത്രത്തിന്റെ സൃഷ്ടാവായ ആബിദ് തന്റെ കഥാപാത്രത്തെപ്പോലെ തന്നെ അതിസാഹസികനാണ്.

ഡോഗ്രി ചൗളിലെ കമ്മ്യൂണിറ്റി വാട്ടർ ടാപ്പിന് മുന്നിൽ ഒരു ബക്കറ്റ് വെള്ളത്തിനു വേണ്ടി അയൽവാസികളുമായി പോരടിക്കുന്ന അമ്മയെക്കുറിച്ചുള്ള ഓർമ്മകളാണ് ഈ ഗുജറാത്തി വംശജനെ ഒരു കടുത്ത ജലപോരാളിയാക്കിയത്.



# ജീവന്റെ പുസ്തകം

പ്രഭാഷണം:

**പി. സുരേന്ദ്രൻ**

ഡോ: പി.എ. രാധാകൃഷ്ണൻ രചിച്ച *ഓർത്തോപ്പതി എന്ത്, എന്തിന് എങ്ങനെ* എന്ന പുസ്തകത്തെ ആസ്പദമാക്കി മലപ്പുറത്ത് നടത്തിയ ചർച്ചയിൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ച് പി. സുരേന്ദ്രൻ പുസ്തകത്തെ അതിജീവനത്തിന്റെ പുസ്തകമായി അവതരിപ്പിക്കുന്നു.

ഈ പുസ്തകം ഒരു ദർശനം മുന്നോട്ടുവെയ്ക്കുന്നു. ഇതിന്റെ രചനയിലേക്ക് എത്തിച്ചേർന്ന അനഭവങ്ങളുടെ വിവരണമാണിത്. തന്റെ തന്നെ രോഗവുമായി ബന്ധപ്പെട്ട, രോഗപീഢയുമായി ബന്ധപ്പെട്ട ഒരു പ്രശ്നത്തെ മറികടക്കാൻ രാധാകൃഷ്ണൻ നടത്തിയ ഒരു ശ്രമമാണ് ഒടുവിൽ ഈ പുസ്തകത്തിലേക്ക് എത്തിച്ചേർന്നത്. മാർഗ്സസെ അവാർഡ് കിട്ടുമ്പോൾ ബാബാ ആംതെയോട് കുഷ്ഠരോഗികൾക്കുവേണ്ടി മഹാരാഷ്ട്രയിൽ പുനരധിവാസകേന്ദ്രം സ്ഥാപിച്ചതിന്റെ പിന്നിലെ പ്രചോദനത്തെ കുറിച്ച് ഒരാൾ ചോദിച്ചു: തന്റെ സ്വാർത്ഥതയാണ് അതിന്റെ പിന്നിലെന്നാണ് ബാബാ ആംതെ പ്രതികരിച്ചത്. കേട്ടതിൽ പെട്ടെന്ന് ആശയക്കുഴപ്പമുണ്ടായി. ബാബാ ആംതെ വിശദീകരിച്ചു. തനിക്ക് കുഞ്ഞുന്നാളു മുതലേ കുഷ്ഠരോഗികളോട് അറപ്പായിരുന്നു. ആ അറപ്പ് മാറ്റാൻ ഞാൻ കണ്ടുപിടിച്ച വഴിയാണ് അവർക്കുവേണ്ടി പ്രവർത്തിക്കുക എന്നത്. താൻ ജീവിതത്തിൽ നേരിട്ട വലിയ പ്രതിസന്ധിയുടെ സാമൂഹികവും പാരിസ്ഥിതികവുമായ കാരണങ്ങളെ കുറിച്ച് രാധാകൃഷ്ണൻ നടത്തിയ ഒരു യാത്രയാണ് ഈ പുസ്തകത്തിന്റെ പിന്നിൽ. എന്തുകൊണ്ടാണ് ആളുകൾ മരിക്കുന്നത് എന്ന അവസാനിക്കാത്ത ചോദ്യങ്ങൾക്കൊടുവിലാണ് ബുദ്ധൻ വീടുവിട്ടിറങ്ങുന്നത്. ഒടുവിൽ 80-ാം വയസ്സിൽ അദ്ദേഹം തിരിച്ചറിഞ്ഞ ഒരു കാര്യമുണ്ട്. രോഗം അനിവാര്യമാണ്, മരണവും അനിവാര്യമാണ് എന്നതായിരുന്നു അത്. ഈ പുസ്തകവും ഒരന്വേഷണമാണ്. ഈ അന്വേഷണങ്ങളുടെ ഫലമായാണ് രാധാകൃഷ്ണൻ ഓർത്തോപ്പതി എന്ന ചികിത്സാരീതിയിലേക്ക് എത്തിപ്പെടുന്നത്.

എല്ലായ്പ്പോഴും ശരീരത്തെ കുറിച്ച് വളരെ കോൺഷ്യസ് ആണ് എല്ലാവരും. എല്ലാ തരം രുചികളോടും, ഏതൊക്കെ വിധത്തിലാണോ ശരീരത്തെ ഉദ്ദീപിപ്പിക്കാൻ കഴിയുന്നത് അതിനോടൊക്കെ പ്രകൃത്യാനുകൂലമല്ലാത്ത ഒരു അഭിരുചി എല്ലാവരിലുമുണ്ട്. ആന്ധ്രയിലെ ഒരു ആത്മീയാചാര്യൻ തന്റെ ഗുരുനാഥന്റെ ആശ്രമം വിട്ടുപോരാനുള്ള കാരണത്തെക്കുറിച്ച് പറയുന്നുണ്ട്. ഇന്ദ്രിയങ്ങൾക്കുമേൽ ആധിപത്യം നേടണമെന്നും തീക്ഷ്ണരുചികളെ മറികടക്കണമെന്നും കേവല ഇന്ദ്രിയപരതകളിൽ നിന്നും മറികടക്കണമെന്നും നിരന്തരം ഉപദേശിച്ച ആ ഗുരുനാഥൻ ഒരു ദിവസം ആസ്വദിച്ചങ്ങനെ കഴിക്കുന്നതുകണ്ടാണ് താൻ ആശ്രമം വിട്ടുപോന്നത് എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആവുന്നിടത്തോളം നമ്മുടെ ജീവിതവും നമ്മുടെ സന്ദേശവും ഒന്നിച്ചുകൊണ്ടുപോകാൻ കഴിയുമോ എന്നതാണ് പ്രധാന കാര്യം. അങ്ങനെ സാമ്യക്കായ ഒരു ദർശനം അവതരിപ്പിക്കുകയും പിന്തുടരുകയും പ്രചരിപ്പിക്കുകയുമാണ് രാധാകൃഷ്ണൻ ഈ പുസ്തകത്തിലൂടെ ചെയ്യുന്നത്.

ശാസ്ത്രത്തോട് അമിതമായ ആശ്രിതത്വം നമുക്കുണ്ട്. പക്ഷേ ശാസ്ത്രം പലപ്പോഴും ശരിയായ ശാസ്ത്രമാവുന്നില്ല. ചെറിയ ഒരു ഉദാഹരണം പറയാം. ദേഹത്ത് കുരുവന്നാൽ അത് വല്ലാതെ പഴുത്തു നിൽക്കുമ്പോൾ അത് സർജറി ചെയ്ത് നീക്കം ചെയ്യുന്നത് യഥാർത്ഥ ശാസ്ത്രമല്ല, മഞ്ഞ ശാസ്ത്രമാണ.വീക്ക് സയൻസ് ആണ്. യഥാർത്ഥത്തിൽ വേണ്ടത് കുരുവിനകത്ത് ഇത്രത്തോളം ശരീരത്തിൽ നിന്നും പുറന്തള്ളേണ്ട മാലിന്യങ്ങൾ മൂത്രത്തിലൂടെയോ മലത്തിലൂടെയോ വിയർപ്പിലൂടെയോ പുറത്തുകളയാൻ പറ്റുമെന്ന് നോക്കുകയാണ് മേജർ സയൻസ്. അങ്ങനെ ശരീരത്തെ മാറ്റിയെടുക്കാൻ പറ്റുമെങ്കിൽ അതാണ് യഥാർത്ഥ ശാസ്ത്രം. എനിക്കു മുമ്പ് സംസാരിച്ച നർഗ്ഗീസ് ടീച്ചർ പറഞ്ഞതുപോലെ കുഞ്ഞിനെ നൊന്തു പ്രസവിക്കുന്നതാണ് സ്വാഭാവികത, കീറിയെടുക്കുന്നതല്ല. എന്നാൽ ഈ അസ്വാഭാവികതയുടെ കൂടെയാണ് പലപ്പോഴും ആളുകൾ നിൽക്കുന്നത്. ഒരു നല്ല നാളിൽ തന്നെ കുട്ടി ജനിക്കണമെന്നുറപ്പിച്ചാൽ ഒരു നല്ല നാളു നോക്കി കുട്ടിയെ പുറത്തെടുക്കുക എന്ന ആലോചനയാണ് ചിലർക്ക്.

ഇന്നത്തെ ഉപഭോഗപരത എന്നു പറയുന്നതും അല്ലെങ്കിൽ വികസനം എന്ന സങ്കൽപം രൂപപ്പെടുത്തിയതും ഇൻവെസ്റ്റ്മെന്റ് ടെററിസം ആണ്. നിക്ഷേപഭീകരത. നിക്ഷേപം ഇന്ന് വേട്ടനായ്ക്കളെ പോലെ ഇങ്ങനെ നായാടി നടക്കുകയാണ്. കെനിയയിലെ ഗ്രേറ്റ് മൈഗ്രേഷൻ എന്നു പറയുന്നതുപോലെ കാലാവസ്ഥ മാറുന്നതിനനുസരിച്ച് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് ലക്ഷോപലക്ഷം ജിറാഫുകൾ പലായനം ചെയ്യുന്നതുപോലെ നിക്ഷേപഭീകരത ലാഭം കൊയ്യാൻ വേണ്ടി നായാടി നടക്കുകയാണ്. ലാഭം കൊയ്യാൻ സഹായകരമാവും വിധം രാഷ്ട്രീയപ്പാർട്ടികളെയും ഭരണകൂടങ്ങളെയും അവർ ഉപയോഗിക്കും. ഇതിനെയാണ് വികസനം എന്നു വിളിക്കുന്നത്.

നമ്മുടെ നാട്ടിൽ 1000 കോടിയുടെ ഒരു പദ്ധതി 100 കോടി കൊണ്ട് നടപ്പാക്കാമെന്ന് ഒരു സയന്റിസ്റ്റ് പദ്ധതി കൊണ്ടുവന്നാൽ നമ്മുടെ നാട്ടിലെ രാഷ്ട്രീയപ്പാർട്ടികളാരും തന്നെ അതിനെ അനുകൂലിക്കില്ല. കാരണം 1000 കോടിയുടെ പദ്ധതിയിൽ നിന്നും കിട്ടുന്ന ലാഭമല്ല, 100 കോടിയുടെ പദ്ധതിയിൽ നിന്നും കിട്ടുന്നത്. പ്രൊഡക്ഷൻ എങ്ങനെയും കൂട്ടിക്കൊണ്ടുവരികയാണ് വികസനത്തിന്റെ രീതി. ഫ്ള്ക്സ് നിരോ




ഡോ: പി.എ. രാധാകൃഷ്ണൻ

ധിക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെ കുറിച്ചാണ് പറയുന്നത്. മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനിയിൽ നിന്നും പുറന്തള്ളുന്ന മാലിന്യം പുഴകളെയും മത്സ്യങ്ങളെയും ആയിരക്കണക്കിന് മനുഷ്യരുടെ ജീവിതത്തെയും നശിപ്പിക്കുമ്പോൾ കമ്പനിയിലെ 100 തൊഴിലാളികളുടെ താൽപര്യമാണ് സംരക്ഷിക്കേണ്ടത് എന്നാണ് പറയുന്നത്. തൊഴിലാളികളെ സംരക്ഷിക്കാൻ മദ്യഷാപ്പുകൾ വേണമെന്നു പറയുന്നു. മദ്യം മൂലം നശിച്ചുകൊണ്ടിരിക്കുന്ന ലക്ഷോപലക്ഷം കുടുംബങ്ങളുടെ പ്രശ്നമല്ല വലുത്, പകരം 100 തൊഴിലാളികളുടെ തൊഴിലാണ് വലുത് എന്നു പറയുന്നു. മദ്യം കൊണ്ടുണ്ടാകുന്ന കരൾ രോഗത്തിന്റെ 100 ഇരട്ടി കുഴിമന്തി കൊണ്ടുണ്ടാകും എന്നാണ് പറയപ്പെടുന്നത്. സ്ത്രീകളിൽ വർദ്ധിച്ചുവരുന്ന കരൾ രോഗം റമ്മും ജിന്നും ഒന്നും കഴിച്ചതുകൊണ്ടല്ല. ആഹാരത്തിന്റെ പ്രശ്നമാണത്. സദാസമയവും മസ്തിഷ്കത്തെയും ഇന്ദ്രിയങ്ങളെയും ഉദ്ദീപിക്കുന്ന ഒരു പരസ്യവ്യവസ്ഥയിലാണ് നാം ജീവിക്കുന്നത്.

ഇന്ന് പാചക റിയാലിറ്റി ഷോകൾ കൂടിവരികയാണ്. ഒറ്റയൊന്നും വൃത്തിയുള്ള പാചകം പ്രചരിപ്പിക്കുന്നില്ല. അത്യന്തം വിഷലിപ്തമായ പാചകരീതികളാണ് ഇവ പ്രചരിപ്പിക്കുന്നത്. വെറുതെ ഷോപ്പിംഗിനു പോവുന്നതുപോലെയാണ് ഇപ്പോൾ ഭക്ഷണം കഴിക്കാൻ പോകുന്നത്. കുറച്ച് കാശുണ്ടല്ലോ എന്നാൽ ആലുക്കാസിൽ പോയി കുറച്ച് സ്വർണ്ണം വാങ്ങാം, അപ്പുറത്ത് ചെന്ന് കുറച്ച് സാരി വാങ്ങാം. 25 സാരിയുണ്ടല്ലോ, കിടക്കട്ടെ പത്തെണ്ണം കൂടി എന്ന അതേ മാനസികാവസ്ഥയിലാണ് ഭക്ഷണം കഴിക്കുന്നത്. ഇപ്പോ കുറച്ച് കുഴിമന്തി കഴിക്കാം. കുറച്ച് കഴിഞ്ഞ് കുറച്ച് ബ്രോസ്റ്റ്... നേരം വെളുത്താൽ വൈകുന്നേരം വരെ ഇങ്ങനെ ഭക്ഷണം കഴിച്ചുകൊണ്ടേയിരിക്കുക. ധാരാളം ഭക്ഷണം കഴിക്കണം. ധാരാളം കുഴിമന്തികൾ വിൽക്കുന്ന കടകൾ വേണം എന്നുപറയുന്നതാണ് ഇന്നത്തെ വികസനം. ഇതിനൊരു ബദലുണ്ടോ? ബാറിലെ തൊഴിലാളികളുടെ താൽപര്യത്തേക്കാളും വലുത് മദ്യത്തിന്റെ ദുരിതം അനുഭവിക്കുന്ന ലക്ഷോപലക്ഷം കുടുംബങ്ങളുടെ താൽപര്യമാണ് എന്നുപറയുന്നതാണ് ആ ബദൽ. ഈ ബദൽ വളരെ ഹോളിസ്റ്റിക് ആയ ഒന്നാണ്. നമ്മുടെ നാട്ടിലെ ഒരു കുഴപ്പം ചെവിക്കു മാത്രമായി ഒരു പ്രസ്ഥാനം ഉണ്ടാവുക എന്ന മട്ടിലാണ്. ചെവി മാത്രം ആണോ ശരീരം. കണ്ണ് വേണ്ടേ, നാഡീവ്യൂഹം വേണ്ടേ? ഇതെല്ലാം ചേർന്നതല്ലേ ശരീരം? എന്നെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ എനിക്ക് കൊതുകിനോട് വല്ലാത്ത അതൃപ്തിയാണ്. ലോകത്തിലെ ഏറ്റവും സുന്ദരമായ പ്രദേശം കൊതുകില്ലാത്ത പ്രദേശമാണ് എന്ന് ഞാൻ പറയും. എന്നാൽ പ്രകൃതിയിൽ കൊതുകിനും അതിന്റേതായ ഒരു ധർമ്മം നിർവ്വഹിക്കാനുണ്ടാകും. അപ്പോഴാണ് കുട്ടികൾക്ക് പ്രാഥമികമായ ഒരു പാഠം പറഞ്ഞുകൊടുക്കുക. മുന്നൂറോളം സസ്യങ്ങളിൽ പരാഗണം നടത്തുന്നതിനുള്ള ദൗത്യം ഏൽപിച്ചിരിക്കുന്നത് കൊതുകിനെയാണ്. കൊതുകിനെ അതിന്റെ പ്രജനനത്തിന് ഏറ്റവും അനിവാര്യമാണ് മനുഷ്യരക്തം എന്നതുകൊണ്ടാണ് അത് മനുഷ്യരക്തം കുടിക്കുന്നത്. അല്ലെങ്കിൽ ചെറിയ സസ്യങ്ങളുടെ നീരും മറ്റും കുടിച്ച് അത് ജീവിക്കും. ടോട്ടാലിറ്റിയിലാണ് ഇതിനെ കാണേണ്ടത്. ചെവി മാത്രമല്ല, കണ്ണ് മാത്രമല്ല ശരീരം അതിന്റെ പൂർണ്ണതയിലാണ്. അതിനെ ചുറ്റിനിൽക്കുന്ന ഒരു ലോകം കൂടിയാണ് ഈ ശരീരത്തിന്റെ നിലനിൽപ്പിനാധാരം എന്നതിനാലാണ് ഇക്കോളജി എന്ന വലിയ സബ്ജക്റ്റിലേക്ക് നാം എത്തിച്ചേരുന്നത്.

(തുടരും)

**താൻ ജീവിതത്തിൽ നേരിട്ട വലിയ പ്രതിസന്ധിയുടെ സാമൂഹികവും പാരിസ്ഥിതികവുമായ കാരണങ്ങളെ കുറിച്ച് നടത്തിയ അന്വേഷണങ്ങളുടെ ഫലമായാണ് രാധാകൃഷ്ണൻ ഓർത്തോപതി എന്ന ചികിത്സാരീതിയിലേക്ക് എത്തിപ്പെടുന്നത്.**



ബാബാ ആംതെ

*(ഓർത്തോപ്പതി എന്ത്, എന്തിന് എങ്ങനെ എന്ന* പുസ്തകം കിട്ടാൻ ഗാന്ധിയൻ പ്രകൃതി ചികിൽസാലയം,തിരൂർ-676101 എന്ന വിലാസത്തിൽ ബന്ധപ്പെടാം. ഫോൺ:0494-2422554 -എഡിറ്റർ)

**യു.ആർ. അനന്തമൂർത്തി**

തർജ്ജിമ : ശാന്തിപ്രിയ

# കുമാർ ഗന്ധർവ്വ കബീർ പാടുന്നു

ഞാൻ നിങ്ങളെ ആദ്യമായി
കേൾക്കുന്നത്
ലളിത് മഹലിൽ വച്ച
എന്റെ മകൾ അനുവിന്റെ
കൂടെ.
ഭാക്റെയ്ക്ക് നന്ദി, ആ കാളി
ദാസ പ്രേമിക്ക്.
ഏതോ യാദൃശ്ചികമായ ഒരു
കൂടിച്ചേരൽ-
അന്നെന്റെ പിറന്നാളായിരുന്നു.
എനിക്ക് തോന്നി
ഞാൻ പിന്നെയും ജനിക്കുക
യാണെന്ന്. എനിക്ക് തോന്നി
തിരയ്ക്കു പിന്നാലെ
തിരയായി
നിങ്ങളിലൂടെ വരുന്ന നാദം
നിങ്ങൾ ജനിക്കുന്നതിനും
മുമ്പേ അവിടെയുള്ളതായിരു
ന്നുവെന്ന്.
നിങ്ങൾക്കു മുമ്പിൽ കേൾവി
ക്കാർ ഇരിക്കുന്നത്
ഞാൻ കണ്ടു
അവരുടെ അതിരുകൾ അലി
ഞ്ഞിരുന്നു.

ലജ്ജയില്ലാത്ത ആ അവധൂ
തൻ, കബീർ, നിങ്ങളുടെ പുറ
ത്തേറി സവാരിചെയ്തു.

കടിഞ്ഞാൺ മുഴുവൻ
അയഞ്ഞ്,
ആനന്ദത്തിൽ കുതികുതിച്ച്,
എന്നാൽ
ഈണത്തിലും കാലത്തിലും
ഉൾക്കൊണ്ട് കൊണ്ട്.
ചിലപ്പോൾ നിങ്ങൾ പൊടു
ന്നനെ നിന്നു
ഉച്ചസ്ഥായിയിലുള്ള ശബ്ദ
ത്തിൽ തന്നെ സംസാരിച്ചു
നിങ്ങൾ എത്തപ്പെട്ട ആ ഇടം
ഒന്നു രേഖപ്പെടുത്താനായി
എന്നതുപോലെ.
നിങ്ങൾ വളരെ സന്തുഷ്ടനാ
യിരുന്നു!
ഇങ്ങനെ ഒരു പരിവ്രാചകൻ
നിങ്ങളുടെ പുറത്തേറി
അൽപ്പനേരം ചുറ്റാൻ തീരുമാ
നിച്ചതിനാൽ
നിങ്ങളാകെ അഭിമാനത്താൽ
ചീർത്തിരുന്നു.
പാടവെ നിങ്ങൾ ചിരിച്ചു.
പുഞ്ചിരിച്ചു.
ആ പാട്ട് അവസാനിച്ചു
ഭാക്റെ നിങ്ങൾക്കൊരു



ഞാൻ അത്ഭുതപ്പെട്ടു
ദൈവം
കുടിയനായി വന്നതും
സമൃദ്ധപ്പെട്ടതും
ഈ ഭൂമിയിലാണല്ലോ

റോയൽ സല്യൂട്ട് [1] തന്നു
ആ യാത്ര അവസാനിച്ചുവെന്ന്
ഞങ്ങളെ അറിയിക്കാൻ
ഏറ്റവും സാധാരണമായ കാര്യ
ങ്ങൾ അലസമായി നിങ്ങൾ
സംസാരിച്ചു.
ഒരു മാന്യന്റെ പുഞ്ചിരിയോടെ
നിങ്ങൾ ഗ്ലാസ്സ് മുട്ടിച്ചു.
നിങ്ങളുടെ വൃത്ത ഗന്ധർവ്വ മുഖം
നിങ്ങളെ ഒരു മുതിർന്ന കുഞ്ഞി
നെപ്പോലെ തോന്നിപ്പിച്ചു.
പക്ഷേ എനിക്ക് കൂടുതൽ അരിക
ത്തേക്ക് വന്നുനിൽക്കാൻ
പേടിയായിരുന്നു
ദൈവത്താൽ സ്പർശിക്കപ്പെട്ട
ഒരാളുടെ...

നിങ്ങളെന്നോട് കന്നടയിൽ
വർത്തമാനം പറഞ്ഞു
നിങ്ങളുടെ സംസാരം നിങ്ങൾ
ബെൽഗാമിൽ നിന്നാണെന്ന്
അറിയിച്ചിരുന്നു.
നിങ്ങൾ തിരഞ്ഞെടുത്ത പദങ്ങ
ളിൽ നിന്ന് നിങ്ങളുടെ
ജാതിപോലും
ഞാൻ തിരിച്ചറിഞ്ഞു.
റുമാറ്റിസം കാരണം കൈയ്യിൽ
നീരാണെന്ന് നിങ്ങൾ പരാതിപ്പെട്ടു
കാലിനുമുണ്ട് നീര്.
മൈസൂരിന്റെ കാലാവസ്ഥയെ
പുകഴ്ത്തി,
എന്റെ സുഹൃത്തായ ഭോപ്പാലിൽ
നിന്നുള്ള അശോകനെ
ഇത്തിരി ഏറെ പുകഴ്ത്തി,
നിങ്ങൾ എന്റെ കൂട്ടുകാരൻ
ആകാവുന്ന
ഒരു സാധാരണക്കാരനാണെന്ന്
കാണിച്ചു.
എന്നെ ആ മന്ത്രത്തിൽ നിന്ന്
മുക്തനാക്കാൻ വേണ്ടി
നിങ്ങൾ വളരെ തന്ത്രപൂർവ്വം
കരു നീക്കി.
ആകാശം
പക്ഷികൾ
പ്രകൃതിഭൂതങ്ങൾ
പുഴകൾ, കാടുകൾ, മലകൾ,
മേഘങ്ങൾ
രോഷം പൂണ്ട കൊടുംകാറ്റ്,
കാട്ടു തീ
കുഞ്ഞരുവികൾ, വക്കോളം
പ്രേമം നിറച്ച
സ്ത്രീകളുടെ കണ്ണുകൾ,
ഈ ലോകം തിരസ്ക്കരിച്ചവരുടെ
അട്ടഹാസ ചിരി, രാത്രി കൊണ്ട്
മുടി മെടഞ്ഞ ദേവതമാർ
പരസ്പരം പഴിപറയുന്ന വേർപി
രിഞ്ഞ പ്രണയികൾ
നുണക്കുഴിയുള്ള ദൈവങ്ങൾ
ഓടക്കുഴലൂതുന്ന ആട്ടിടയൻമാർ
ഇതെല്ലാം
നിങ്ങളുടെ വായിൽ നിന്ന് വെള്ള
ച്ചാട്ടം പോലെ ഒഴുകി വന്നിരുന്നു.
അത് മായ്ക്കാനായി എന്നതു
പോലെ നിങ്ങൾ
വെളുത്തുള്ളിച്ചമ്മന്തിയും
ബാർലി റൊട്ടിയും
മുള്ളങ്കിയും ഇളം കാബേജും
മല്ലിയിലയും ഉലുവയിലയും
കക്കരി ചെറുതായരിഞ്ഞതിൽ
നാരങ്ങാനീര് ചേർത്തതും
ഉഴുന്നുമുളപ്പിച്ചതും
ഒക്കെ ചോദിച്ചു.[2]
കുട്ടിക്കാലത്തെക്കുറിച്ചോർത്ത്,
ക്ഷീണിച്ച ഒരു കച്ചവടക്കാരൻ
ചന്തയിൽ നിന്ന് മടങ്ങുമ്പോലെ
കൈയ്യിലെയും കാലിലെയും
റൂമാറ്റിസത്തെക്കുറിച്ച
പരാതിപ്പെട്ട്,
കബീറുമായി തനിക്കൊന്നുമില്ലെ
ന്നതുപോലെ
നിങ്ങൾ സന്തോഷപൂർവ്വം തിന്നു
കയും കുടിക്കുകയും ചെയ്തു.
എങ്ങനെ, ദൂരെ വടക്കു നിന്നുള്ള
ആ ഭ്രാന്തനായ കബീറിന്



കുമാർ ഗന്ധർവ്വ

തെക്ക് ബെൽഗാമിലുള്ള നമ്മുടെ
കുമാറിനെ ഇങ്ങനെ
ബാധിക്കാൻ കഴിഞ്ഞു ഞാൻ
അതിശയിച്ചു.
ആകാശങ്ങളിലെ ഗന്ധർവ്വന്റെ
ലൗകിക അറിവിനെ ഞാൻ
ആരാധനയോടെ കണ്ടു.
ഒപ്പം, ആ ഉന്മത്തനായ ജീവിയെ
നിഷ്കളങ്കരായ ഞങ്ങളുടെ മേൽ
അഴിച്ചുവിട്ട്
സ്വയം ഇങ്ങനെ
സ്വതന്ത്രനാവുന്നതും.

പ്രായമേറി വരുന്ന ഒരു മനുഷ്യൻ
തുടുത്ത വട്ടമുഖം
നീര് വന്ന കൈത്തലം
വിനയത്തോടുകൂടിയും
അഭിമാനത്തോടെയും
കൊച്ചുവർത്തമാനം പറയുന്നു,
മദ്യപിക്കുന്നു
പാതി ഉറങ്ങിയ കണ്ണുകൾ
ഉച്ചസ്ഥായിയിലുള്ള ശബ്ദം
ഒരൊറ്റ ശ്വാസകോശം കൊണ്ട്
ശ്വാസം കഴിക്കുന്നു[3]
കഷണ്ടി കയറി വരുന്ന തല

ഞാൻ അത്ഭുതപ്പെട്ടു - ദൈവം
കുടിയനായി വന്നതും
സമൃദ്ധപ്പെട്ടതും
ഈ ഭൂമിയിലാണല്ലോ

---

*1. റോയൽ സല്യൂട്ട്: ഒരു ഇന്ത്യൻ വിസ്കിയാണ്.*

*2. വടക്കെ കർണ്ണാടകത്തിലെ, പ്രത്യേകിച്ചും ബെൽഗാമിലെ പാരമ്പര്യ ഭക്ഷണം*

*3. ക്ഷയം ബാധിച്ച് കുമാർ ഗന്ധർവ്വയ്ക്ക് പാടാൻ കഴിയാതെയായി. ദീർഘനാളത്തെ നിശ്ശബ്ദതയ്ക്ക് ശേഷം ഒരു ശ്വാസകോശം കൊണ്ട് അദ്ദേഹം പിന്നെയും പാടാൻ തുടങ്ങി.*

**ജീവിതശൈലീ രോഗങ്ങൾക്ക് എതിരായുള്ള പോരാട്ടം സ്വന്തം തൊഴിലിടത്തിൽ തന്നെ ആരംഭിച്ചിരിക്കുകയാണ് അമേരിക്കയിലെ സ്പ്രിന്റ് കോർപറേഷൻ**

# പാർക്കിംഗ് അകലെയാണ് ദയവായി അൽപ്പം നടക്കൂ..

**ടി. ഐ. ലാലു**

രോഗം വന്നു പൊറുതിമുട്ടുമ്പോൾ ആശ്വാസം തരപ്പെടുത്തുവാനായി ഭക്ഷണനിയന്ത്രണത്തിലേക്കു തിരിയുന്നവരാണല്ലോ ഭൂരിഭാഗം. ഇതുപോലെയാണ് വ്യായാമത്തിന്റെ കിടപ്പും. അതെ, നമ്മുടെ നിത്യജീവിതത്തിൽ വ്യായാമം അനുദിനം കുറഞ്ഞുവരികയാണ്. സദാ ഇരുന്നുകൊണ്ട് ചെയ്യാവുന്ന തൊഴിലുകളാണ് ഇന്ന് അധികം. ആയതിനാൽ തൊഴിലിന്റെ ഭാഗമായുള്ള വ്യായാമങ്ങൾക്കുള്ള സാധ്യതയും ഇപ്പോൾ കുറവാണ്. ദേഹമനങ്ങി വിയർക്കുന്ന ഏതൊരു പണി പറഞ്ഞാലും പഴയ നാടൻപാട്ടിലെ കോരനെ പോലെ 'എനിക്ക് വയ്യന്റമ്മേ' എന്നു വിളിച്ചുകൂവുന്നവരുടെ എണ്ണം കൂടിവരികയാണ്. കൂടാതെ കമ്പ്യൂട്ടറിന്റെയും മൊബൈൽഫോണിന്റെയും മുന്നിൽ ഏറെനേരം തപസ്സിരിക്കുന്ന ശീലക്കേടും.

ഇങ്ങനെ വ്യായാമവിമുഖരായ പുതിയ തലമുറയിലെ തൊഴിലാളികളെ വ്യായാമപാഠം ചെറിയ തോതിൽ പഠിപ്പിക്കുവാനായി യു.എസ്.എ യിലെ സ്പ്രിന്റ് കോർപറേഷൻ എന്ന ടെലികമ്യൂണിക്കേഷൻ കമ്പനി ചില ഉപായങ്ങളുമായി രംഗത്തുവന്നിട്ടുണ്ട്. സ്പ്രിന്റ് കോർപറേഷന്റെ അമേരിക്കയിലുള്ള ഹെഡ്ക്വാർട്ടേഴ്സ് കെട്ടിടസമുച്ചയത്തിൽ ഹൈഡ്രോളിക് ലിഫ്റ്റുകളാണ് ഘടിപ്പിച്ചിട്ടുള്ളത്. സാധാരണ നാം കാണുന്ന ലിഫ്റ്റുകളെ അപേക്ഷിച്ച് സാവധാനത്തിൽ ഉയരുകയും താഴുകയും ചെയ്യുന്നവയാണ് ഹൈഡ്രോളിക് ലിഫ്റ്റുകൾ. തിടുക്കമുള്ളവർക്ക് കയറിപ്പോകുന്നതിനായി വീതികൂടിയ, ജനാലകളുള്ള കോണിപ്പടികൾ ഈ കെട്ടിടത്തിൽ സംവിധാനം ചെയ്തിട്ടുണ്ട്. ലിഫ്റ്റ് പതിയെ പോകുന്നതിനാൽ നാലാം നില വരെ പോകേണ്ടവർ ഇവിടുത്തെ കോണിപ്പടികളാണ് പ്രയോജനപ്പെടുത്തുന്നത്.

ഇതുപോലെ ജീവനക്കാരുടെയും മറ്റും വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള ഇടം ഓഫീസ് കെട്ടിടത്തിൽ നിന്ന് ഏതാണ്ട് അരമൈൽ അകലെയാണ് അനുവദിച്ചിരിക്കുന്നത്. തൊഴിലാളികളും ഇടപാടുകാരും അങ്ങനെയെങ്കിലും നാലടി നടന്നു ശീലിക്കട്ടെയെന്ന ഒരു ലാക്കാണ് കമ്പനിയുടേത്.

അനവധി പേരെ നിത്യദുരിതത്തിലാഴ്ത്തിക്കൊണ്ടിരിക്കുന്ന ജീവിതശൈലീ രോഗങ്ങൾക്ക് എതിരായുള്ള പോരാട്ടം സ്വന്തം തൊഴിലിടത്തിൽ തന്നെ ആരംഭിച്ചിരിക്കുകയാണ് സ്പ്രിന്റ് കോർപറേഷൻ. ഹൃദ്രോഗം, പ്രമേഹം, രക്തസമ്മർദ്ദം, അമിതവണ്ണം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ ദേശീയ രോഗങ്ങളായി മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിലും ദ്രോഹാലോചനകളില്ലാത്ത ഇത്തരം ചില പൊടിക്കൈകൾ പ്രയോഗിക്കേണ്ട കാലം അതിക്രമിച്ചിട്ടുണ്ട്.





അലക്സ് ആൻഡ്രൂ

പ്രാവർത്തികമാക്കാത്ത സ്നേഹവും കരുണയുമാണ് നമ്മെ അപരിഷ്കൃതരാക്കുന്നത്. സ്നേഹത്തിന്റെയും ദയയുടെയും കൊച്ചുകൊച്ചു പ്രവർത്തികളെങ്കിലും ഇല്ലാത്ത പക്ഷം നാം നമ്മുടെ തന്നെ ഏറ്റവും മോശമായ ആവിഷ്കാരത്തിലേക്ക് തരം താഴുകയാണ്.

# കരുണയുടെ കരങ്ങൾ

**അലക്സ് ആൻഡ്രൂ**

ഞായറാഴ്ച എന്റെ അമ്മയുമായി സ്കൈപ്പിൽ ചാറ്റ് ചെയ്യുകയായിരുന്നു. രണ്ട് ചെവിയും മുട്ടും വിധം അമ്മ ചിരിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഞാൻ ചെയ്യുന്ന വേഷത്തിനുവേണ്ടി ക്ലീൻ ഷേവ് ചെയ്ത എന്റെ മുഖം അമ്മയെ വല്ലാതെ സന്തോഷിപ്പിച്ചു. കൂടെക്കൂടെ ഒരു പാത്രം നിറയെ കപ്പലണ്ടിയെടുത്ത് ലാപ്ടോപ്പിന്റെ സ്ക്രീനിലേക്ക് നീട്ടുന്നുണ്ടായിരുന്നു. അൽഷിമേഴ്സ് രോഗത്തിന്റെ രണ്ടാം ഘട്ടത്തിലേക്കെത്തിയ ആളാണ് എന്റെ അമ്മ എന്നോർക്കണം. അമ്മയുടെ ആ പ്രവൃത്തി എന്നെ ചിന്തിപ്പിച്ചു. സ്നേഹം പ്രവർത്തിച്ചു കാണിക്കാവുന്നതാണ്. കരുണ തൊട്ടനുഭവിക്കാവുന്നതും.

നമ്മിൽ പലരും മറന്നുപോകുന്ന ഒരു കാര്യമാണിത്. ദൂരെ നടക്കുന്ന യുദ്ധങ്ങളെ കുറിച്ചും കലാപങ്ങളെ കുറിച്ചുമൊക്കെ നാം സംസാരിക്കാറുണ്ട്. യുദ്ധത്തിന്റെ യുക്തിയെക്കുറിച്ച് യാതൊന്നും ആലോചിക്കാതെ നമുക്കെന്ത് ചെയ്യാൻ പറ്റും, യുദ്ധമല്ലേ കുറേ നിരപരാധികൾ മരിച്ചെന്നിരിക്കും എന്നും മറ്റുമൊക്കെ നാം പ്രതികരിക്കാറുമുണ്ട്. എന്നാൽ ഒന്നും ചെയ്യാതിരിക്കലല്ല യുദ്ധത്തോടുള്ള പ്രതികരണം. കലാപത്തിന്റെ ബദൽ നിർമമതയല്ല. സമാധാനം സ്ഥാപിക്കാൻ പരിശ്രമിക്കുകയാണ് യുദ്ധസമാനമായ സാഹചര്യങ്ങളിൽ ചെയ്യേണ്ടത് എന്നു പറഞ്ഞാൽ നമ്മളേതോ സ്വപ്നലോകത്താണ് എന്ന മട്ടിലായിരിക്കും പ്രതികരണങ്ങൾ.

തീർച്ചയായും അതല്ല സത്യം. ദേശത്തും വിദേശത്തും പലരൂപത്തിലുള്ള സന്നദ്ധപ്രവർത്തനങ്ങൾ നടത്തുന്നവർക്ക് തങ്ങളുടെ മുതിർന്നവരായ ബന്ധുക്കളെ ശുശ്രൂഷിച്ചുകൊണ്ട് വീട്ടിൽ കഴിയുന്ന ലക്ഷക്കണക്കിനായ ആളുകൾക്ക്, പനി ബാധിച്ച കുഞ്ഞിന്റെ അടുത്തിരുന്ന് ശുശ്രൂഷിക്കുന്ന മാതാപിതാക്കൾക്ക്, വൈ-ഫൈ കണക്ഷനിലൂടെ മകന് ഭക്ഷണം കൊടുക്കാൻ ശ്രമിക്കുന്ന എന്റെ അമ്മയ്ക്ക്, സ്നേഹം പ്രവർത്തിച്ച് കാണിക്കാവുന്നതും ദയ തൊട്ടനുഭവിപ്പിക്കാവുന്നതുമാണ്.

ഒരു ദിവസം പുതുതായി ആരംഭിച്ച ലണ്ടനിലെ **ജെന്റിൽമെൻ ബാരിസ്റ്റാസ്** എന്ന കോഫീ ഷോപ്പിൽ ഒരു സഹൃത്തുമൊന്നിച്ച് പോവുകയുണ്ടായി. ക്യാൻസർ ബാധിച്ച് സുഹൃത്തിന്റെ പിതാവ് ഏതാനും മാസങ്ങൾക്ക് മുമ്പ് മരണപ്പെട്ടിരുന്നു. അമ്മയും കടുത്ത രോഗബാധിതയായി കിടപ്പിലാണ്. 'മാക് മില്യൻ കാൻസർ സപ്പോർട്ട്' എന്ന ജീവകാരുണ്യസംരംഭത്തിന് പണം സമാഹരിക്കുന്ന പരിപാടിയിൽ പങ്കെടുത്തതേ ഉണ്ടായിരുന്നുള്ളൂ എന്റെ സുഹൃത്ത്. കാപ്പിയുടെ ബിൽ കൊടുക്കുമ്പോൾ കട നടത്തിപ്പുകാരിൽ ഒരാളായ എഡ് പർക്ക്സ് ഞങ്ങളുടെ അടുത്തേക്ക് വന്ന് തവിട്ടുനിറത്തിലുള്ള ഒരു ചെറിയ കവർ സുഹൃത്തിനു നേരെ നീട്ടി. എന്താണ് കവറിനകത്ത് എന്നു ഞങ്ങൾ ചോദിച്ചപ്പോൾ അയാൾ കാര്യം പറഞ്ഞു. 'സത്ഫലത്തിന്റെ കാർഡ്' ആണത്രേ കവറിനകത്ത്. തങ്ങൾക്ക് ഒരു പുഞ്ചിരി സമ്മാനിക്കുകയോ, ദയാകടാക്ഷത്തിന്റെയോ സ്നേഹനിർഭരതയുടെയോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നവരെന്ന് തോന്നിക്കുന്നവർക്കോ സമ്മാനമായി ആ ഷോപ്പ് നടത്തിപ്പുകാർ കൊടുക്കുന്നതാണത്രേ നല്ല ഫലത്തിന്റെ കാർഡ്. കാർഡ് കിട്ടുന്നവർ സമാനരായ മറ്റ് വ്യക്തികൾക്ക് അത് കൈമാറും. ആ കാർഡുമായി വരുന്നവർക്ക് ആ കോഫീഷോപ്പിൽ നിന്ന് സൗജന്യമായി ഒരു കപ്പ് കാപ്പി കുടിക്കാം. സ്നേഹത്തെയും കാരുണ്യത്തെയും പ്രവൃത്തിയിൽ ആവിഷ്കരിക്കുന്ന ആ ആശയം എന്നെ വല്ലാതെ ആകർഷിച്ചു. പുതുതായി തുടങ്ങിയ ഒരു ചെറിയ ബിസിനസ്സ് സംരംഭം ദയാപരതയെ പ്രാവർത്തികമാക്കുന്നു.

അതേ സമയം ദയാരാഹിത്യത്തിന്റെ പ്രവൃത്തികളും നമുക്ക് ചുറ്റുമുണ്ട്. നിരാലംബരും അഭയാർത്ഥികളും മറ്റും അസമയത്ത് കടന്നുവരാതിരിക്കാൻ സ്ഥാപനത്തിനു മുമ്പിൽ ബാരിക്കേഡുകൾ സ്ഥാപിക്കുന്നത് ദയാരാഹിത്യത്തിന്റെ പ്രകടനമാണ്. അപകടത്തിൽ പെടുന്ന മെഡിറ്ററേനിയൻ കടന്നുകയറ്റക്കാരെ സഹായിക്കാൻ ഇനി മുതൽ യാതൊരു രക്ഷാപ്രവർത്തനങ്ങളും ചെയ്യുകയില്ല എന്ന് ബ്രിട്ടീഷ് ഗവൺമെന്റ് പ്രഖ്യാപിക്കുമ്പോൾ ദയാരാഹിത്യം സർക്കാരിന്റെ നയങ്ങളിൽ പ്രകടമാക്കപ്പെടുന്നു. ആളുകൾ- ആണോ പെണ്ണോ കുട്ടികളോ ആരുമായിക്കൊള്ളട്ടെ, അവർ കേവലം കുടിയേറ്റക്കാരോ, അഭയാർത്ഥികളോ, സംഖ്യകളോ അല്ല. എന്റേതും നിങ്ങളുടേതും പോലെ ഓരോ കുടുംബമാണത്. കലാപഭൂമിയിൽ ജീവിക്കേണ്ടിവന്നാൽ ഒരുപക്ഷേ നമ്മളും ചെയ്യുന്നതുപോലെ പലായനം ചെയ്യുന്നവർ മാത്രമാണവർ.

പ്രാവർത്തികമാക്കാത്ത സ്നേഹവും കരുണയുമാണ് നമ്മെ അപരിഷ്കൃതരാക്കുന്നത്. സ്നേഹത്തിന്റെയും ദയയുടെയും കൊച്ചുകൊച്ചു പ്രവർത്തികളെങ്കിലും ഇല്ലാത്ത പക്ഷം നാം നമ്മുടെ തന്നെ ഏറ്റവും മോശമായ

## അലക്സ് ആൻഡ്രൂ

*ഗ്രീക്ക് സ്വദേശി. ഇപ്പോൾ ലണ്ടനിൽ. ധനതത്വശാസ്ത്രവും നിയമവും പഠിച്ചു. ഇടതു ദാർശനികനും നടനുമാണ്. നടൻ എന്നുപറഞ്ഞാൽ നമ്മുടെ നാട്ടിലെ പോലെ സിനിമാ നടൻ എന്നല്ല. നാടകമാണ് തട്ടകം. 2007 ൽ നിയമജ്ഞന്റെ ജോലിയുപേക്ഷിച്ചു. Sturdy Beggars Theatre എന്ന നാടക കമ്പനി നടത്തുന്നു. സത്യസന്ധതയും അർപ്പണവും ആണ് അലക്സിന്റെ നാടക കമ്പനിയുടെ മൂലധനം. സ്റ്റേറ്റിന്റെ യാതൊരു ധനസഹായവുമില്ലാതെ പൂർണ്ണമായും സന്നദ്ധ പ്രവർത്തനത്തിന്റെ രീതിയിലാണ് പ്രവർത്തനം. പ്രേക്ഷകരുടെ സമയത്തിനും പണത്തിനും നല്ല മൂല്യം തിരിച്ചു നൽകുന്ന കരുത്തുറ്റ നാടകങ്ങൾ അരങ്ങിലെത്തിക്കുന്നു.*

ആവിഷ്കാരത്തിലേക്ക് തരം താഴുകയാണ്. പ്രാവർത്തികമാക്കാത്ത സ്നേഹവും കരുണയുമാണ് നമ്മെ അപരിഷ്കൃതരാക്കുന്നത്. സ്നേഹത്തിന്റെയും ദയയുടെയും കൊച്ചുകൊച്ചു പ്രവർത്തികളെങ്കിലും ഇല്ലാത്ത പക്ഷം നാം നമ്മുടെ തന്നെ ഏറ്റവും മോശമായ ആവിഷ്കാരത്തിലേക്ക് തരം താഴുകയാണ്. അതിനെ പ്രതിരോധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ തന്നെ കുറച്ചുകൂടി നല്ല ആവിഷ്കാരമായി നാം മാറേണ്ടതുണ്ട്. ഈ ദിവസം ആരോടെങ്കിലും അൽപം കരുണയും സ്നേഹവും പ്രകടിപ്പിക്കൂ, സ്വയം നല്ല ഫലമാകൂ... തീർച്ചയായും അത് നമ്മളെ ഔന്നത്യത്തിലേക്ക് എത്തിക്കും. ഒരുകപ്പ് കാപ്പിയെങ്കിലും നമ്മെ കാത്തിരിക്കുന്നുണ്ടാകും. തീർച്ച.
(ഗാർഡിയൻ ദിനപത്രത്തിൽ എഴുതിയ ലേഖനത്തിന്റെ സ്വതന്ത്രപരിഭാഷ)

### ക്യാമ്പയിൻ




**അൽപം സ്വാസ്ഥ്യം, ശാന്തത, നിശ്ശബ്ദത ഒന്നാസ്വദിക്കൂ...**

*ടെലിവിഷന് വിഡ്ഢിപ്പെട്ടി എന്ന പേര് വന്നിട്ട് കുറേയധികം കാലമായി. ഇന്നതിന് വിഡ്ഢിപ്പെട്ടി എന്ന പേരല്ലാ ചേരുക, മറിച്ച് അപായപ്പെട്ടി എന്നോ, ശല്യപ്പെട്ടി എന്നൊക്കെയോ ആയിട്ടുണ്ട്. നമ്മുടെ വൈകുന്നേരങ്ങളിലെ ടെലിവിഷൻ മൂളിച്ചയ്ക്ക് അല്പം വിരാമം കൊടുക്കൂ..*

### ചരിത്രത്തിൽ നിന്ന്

# ആ ഒമ്പത് മഹാധനികർ എവിടെ?

ശ്രദ്ധേയമായ ഫോർബ്സ് മാഗസിന്റെ 2012 ജൂലൈ 25 ലക്കത്തിൽ ചിന്തനീയമായ ഒരു സംഭവകഥ ഉൾപ്പെടുത്തിയിരുന്നു. കഥ ഇങ്ങനെയാണ്. 1923 ൽ ഷിക്കാഗോയിൽ എഡ്ജ് വാട്ടർ ബീച്ച് ഹോട്ടലിൽ ലോകത്തിലെ ഏറ്റവും ധനികരായ ഒമ്പത് പേർ സമീപിച്ചു. അവരുടെ ആകെ സ്വത്ത് അന്നത്തെ യു.എസ് സർക്കാരിന്റേതിനേക്കാൾ കൂടുതലായിരുന്നു. അമേരിക്കയിലെ ഏറ്റവും വലിയ യൂട്ടിലിറ്റി കമ്പനിയുടെ പ്രസിഡന്റ് സാമുവൽ ഇൻസൽ, ഉരുക്കുകമ്പനിയുടെ പ്രസിഡന്റ് ചാൾസ് സ്വാബ്, അമേരിക്കയിലെ തന്നെ ഏറ്റവും വലിയ ഗ്യാസ് കമ്പനി പ്രസിഡന്റ് ഹവാർഡ് ഹോബ്സൺ, ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ച് പ്രസിഡന്റ് റിച്ചാർഡ് വിറ്റ്നി, ബാങ്ക് ഓഫ് ഇന്റർനാഷണൽ സെറ്റിൽമെന്റ്സിന്റെ പ്രസിഡന്റ് ലിയോൺ ഫ്രേസർ, അമേരിക്കയിലെ ഏറ്റവും വലിയ ഗോതമ്പ് വ്യാപാരി ആർതർ കട്ടൺ, വാൾസ്ട്രീറ്റിലെ ഏറ്റവും വലിയ സ്റ്റോക്ക് ഇടപാടുകാരൻ ജസി ലിവർമോർ, കുത്തകമുതലാളിയായ ഐഗർ ക്രൂഗർ, അമേരിക്കൻ പ്രസിഡന്റിന്റെ മന്ത്രിസഭാംഗം ആൽബർട്ട് ഫാൾ.

ഈ മഹാധനികർ ഒന്നിച്ചുകൂടി അവരുടെ വിജയത്തിൽ ആഹ്ലാദിക്കുകയും കൂടുതൽ ഉയരങ്ങളിലെത്താനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു. ഫോർബ്സ് മാഗസിൻ 25 വർഷത്തിനുശേഷം ഇവരിൽ ഓരോരുത്തരുടെയും അവസ്ഥ അന്വേഷിച്ച് നിരീക്ഷണവിധേയമാക്കിയിരിക്കുന്നു. ചാൾസ് സ്വാബ് കടം കയറി പാപ്പരായി മരിച്ചു. സാമുവൽ ഇൻസൽ ദരിദ്രനായി അന്തരിച്ചു. ഹവാർഡ് ഹോബ്സന്റെ അന്ത്യം ഭ്രാന്താലയത്തിലായിരുന്നു. റിച്ചാർഡ് വിറ്റ്നി സാമ്പത്തിക കുറ്റകൃത്യത്തിന് ജയിലിലായി. ലിയോൺ ഫ്രേസർ വിഷാദരോഗിയായി ആത്മഹത്യ ചെയ്തു. ആർതർ കട്ടണും കയ്യിൽ കാശൊന്നുമില്ലാതെ ദരിദ്രനായി മരിച്ചു. ജസി ലിവർമോർ സ്വത്തെല്ലാം നഷ്ടപ്പെട്ട ദു:ഖത്തിൽ സ്വയം വെടിവെച്ച് മരിച്ചു. ഐവർ ക്രൂഗറും ജീവിതനൈരാശ്യത്തിന്റെ പിടിയിലായി ജീവനൊടുക്കി. ആൽബർട്ട് ഫാൾ ജയിൽശിക്ഷ അനുഭവിച്ച ശേഷമാണ് മരണപ്പെട്ടത്.



*റിച്ചാർഡ് വിറ്റ്നി,*

**വലിയ നേട്ടം കൈവരിച്ചെന്നു കരുതി യവർ പക്ഷെ ഒടുവിൽ...**



# നടത്തം

എം.പി. പ്രതീഷ്

**അ**തികാലെയുള്ള നടത്തം എനിക്കിഷ്ടമാണ്. ചില ന്തിവലകളിൽ കുരുങ്ങാതെ നടക്കാൻ ഞാനിനിയും പഠിച്ചുകഴിഞ്ഞിട്ടില്ല. എന്റെ ചായക്കപ്പിനു ചുറ്റും പുളിയുറുമ്പുകൾ നടന്നുപോവുന്നു. വെയിലിൽ മൂന്ന് പക്ഷികൾ. അന്നേരത്ത് മാത്രം വീശുന്ന ഒരു കാറ്റുണ്ടായി.
(മെയ് 7, 2014)



**അ**ലക്കുകല്ലിനു താഴെ പച്ചപ്പുല്ലുകൾ വളരും. പായലുകൾ പടർന്നുകയറും. ചെറിയ ഒച്ചുകൾ പാർക്കുന്നുമുണ്ട്. ഓടിനുമീതെ ഇലകൾ തങ്ങിനിൽക്കുന്നുണ്ട്. മുറ്റത്ത് അല്പമേയുള്ളൂ പ്രകാശം. ഞാൻ കഴുകിയ ഉടുപ്പുകൾ വിരിച്ചിട്ടു. ഉറുമ്പുകൾ അതിലൂടെ അങ്ങോട്ടിങ്ങോട്ടു സഞ്ചരിച്ചു.
(ജൂൺ 13, 2014)

**പാ**ടം മുറിച്ചുകടക്കുമ്പോൾ പറവകൾ വെയിലുകായുന്നതു കണ്ടു. കമ്പികളിൽ വരിവരിയായി പ്രാവുകൾ. കൂനിക്കൂടിയ കൊറ്റികൾ. വെയിൽ തട്ടി അവയുടെ ശരീരത്തിൽ നിന്നും വെള്ളത്തിൽ നിന്നും മഞ്ഞുരുകി ഉയരുന്നത് കണ്ടു.
(ജൂൺ 4, 2014)

**അ**വിടെ, നമ്മുടെ വീടിനു മുന്നിലിരിക്കുമ്പോൾ ഏറെക്കാലം മുമ്പ് ഒരുനാൾ, നീയെനിക്കൊരു പക്ഷിയെ കാണിച്ചുതന്നു. തെങ്ങിൻമേൽ പറന്നിറങ്ങിയ ഒരു കൊറ്റിയെ. വെളുത്ത ഉടൽ. നീണ്ട കാലുകൾ. അതിപ്പോഴും ഓലകളിൽത്തന്നെ നിൽപ്പാകുമോ? ആയിടവും വീടും നമ്മളും പോയ്ക്കഴിഞ്ഞിട്ടും, ഇപ്പോഴും?
(ഏപ്രിൽ 20, 2014)

**പു**സ്തകമേശമേൽ ഒരു ചെറിയ ബുദ്ധശില്പമുണ്ടായിരുന്നു. പ്രിയപ്പെട്ട ഒരാളിന്റെ പഴയ സമ്മാനം. ഒരു രാത്രിയിൽ നോക്കുമ്പോൾ അതിൻമേൽ വന്നു നിശ്ചലമായിരിക്കുന്നു ഒരു പച്ചപ്പുയ്യിൻകുഞ്ഞ്. രണ്ടുപേരും ധ്യാനത്തിലായിരുന്നു. ആര് ആരുടെ ദേഹത്തിരിക്കുന്നുവെന്ന് ഞാനാശ്ചര്യപ്പെട്ടു. അല്പം കഴിഞ്ഞ് അത് പറന്നുപോയി, എന്റെ അനക്കത്താലായിരിക്കണം. ബുദ്ധൻ ഇപ്പോൾ തനിച്ചു നിൽക്കുന്നു.
(മാർച്ച് 6, 2014)

**തി**രക്കേറിയ നിരത്തിനും മരങ്ങൾക്കും വീടുകൾക്കും പിറകിൽ വിസ്തൃതമായ വയലുകൾ ജീവിക്കുന്നത് ഞാനറിഞ്ഞിരുന്നില്ല. എത്രയോ തവണ അതേ വഴിയിലൂടെ ഞാൻ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചുവെന്നോ? ഇന്നലെ ആ വഴിയോരത്തു നിൽക്കുമ്പോൾ പൊടുന്നനേ വീശിയ ഒരു വലിയ കാറ്റിൽ മരങ്ങൾ ഉലഞ്ഞ് തമ്മിലകന്നുമാറിയ ഞൊടിയിൽ, പച്ചയുടെ ഒരല ഒഴുകിവരുന്നതു കണ്ടു. പല മനുഷ്യരും പല വീടുകളും പല ചെടികളും ആ വയൽക്കരയിലുമുണ്ടായിരിക്കും
(ജൂലൈ 9, 2014)

**ഹി**മശൃംഗങ്ങളിലൂടെ നിരന്തരം സഞ്ചരിക്കുന്ന ഒരു കൂട്ടുകാരനുണ്ടെനിക്ക്. മാനസസരോവരത്തിലെ മൗനത്തെ അയാൾ അറിഞ്ഞതുകൊണ്ടല്ല, ഏറെക്കാലം മുമ്പ്, തന്റെ വീട്ടിനകത്തേക്ക് ജാലകത്തിലൂടെ വന്നുകയറിയ ഒരു ശലഭത്തെക്കുറിച്ച് അയാൾ എഴുതിയതിനാലാണ് എനിക്ക് അയാളിൽ, അയാളുടെ ഭാഷയിൽ അടുപ്പം.
(ആഗസ്റ്റ് 28, 2014)



## തൊട്ടാവാടിപ്പൂവ് പകർത്തിയത് ഷിനോ ജേക്കബ് കൂറ്റനാട്







# റേഡിയോ പുഞ്ചിരി

**ലിമാ ഡെസ്ക്**

വീടു മാറുമ്പോൾ തന്റെ പ്രിയപ്പെട്ട ഫിലിപ്സ് റേഡിയോ പരിക്കേൽക്കാത്ത വിധം പൊതിഞ്ഞു വീട്ടു സാധനങ്ങളുടെ കൂട്ടത്തിൽ എടുത്തുവെക്കാൻ അയാൾ മറന്നില്ല. ഉപയോഗിച്ച് മിനുസം വന്ന ആ റേഡിയോ അയാളുടെ പ്രിയപ്പെട്ട കൂട്ടുകാരനായിരുന്നു.

പുതിയ താമസസ്ഥലത്ത് അടുത്തടുത്താണ് വീടുകൾ. സിറ്റൗട്ടിൽ ഇരുന്ന് റേഡിയോ തിരിച്ചാൽ അപ്പുറത്തുമിപ്പുറത്തുമുള്ള വീടുകളിലേക്ക് എളുപ്പത്തിൽ ശബ്ദമെത്തും. ആ വീടുകളിലെ, വളരെ ഗൗരവത്തോടെ ഇരുന്ന് പഠനത്തിൽ മുഴുകുന്ന കുട്ടികളെ അയാൾ ശ്രദ്ധിച്ചിരുന്നു. അവർക്ക് തന്റെ റേഡിയോ ശല്യമാകും! മാത്രവുമല്ല അല്പം പരിഷ്കാരികളാണ് ചുറ്റും. അവർക്കിടയിൽ തന്റെ ഈ പഴഞ്ചൻ സാധനം ഒരു പ്രദർശന വസ്തുവായേക്കും! പുതിയ താമസക്കാരായ തങ്ങളെപ്പറ്റി തുടക്കത്തിലേ ഒരു മോശം ഇമേജുണ്ടാകരുതല്ലോ.

റേഡിയോയുടെ ശബ്ദസാന്നിധ്യം ഇല്ലാത്ത വേളകൾ വീട്ടിൽ ശൂന്യത സൃഷ്ടിക്കുമെന്നോർത്ത് അയാൾക്ക് വേവലാതി ഉണ്ടായി. അയാൾ അകത്തെ മുറിയിലിരുന്ന് കരുതലോടെ റേഡിയോയുടെ നോബ് തിരിച്ചു. പരിചിതമായ ആ ശബ്ദവീചികളിലേക്ക് അയാൾ ആശ്വാസത്തോടെ അലിഞ്ഞുചേർന്നു.

വാതിലിൽ മുട്ടുകേട്ടു, "കറണ്ടില്ലാത്തതുകൊണ്ട് കാളിംഗ്ബെൽ അടിച്ചില്ല..." പുഞ്ചിരിക്കുന്ന മുഖത്തോടെ മുഖവുരയായി കുശലം പറഞ്ഞുകൊണ്ട് തേജസ്സുള്ള ഒരു വൃദ്ധമുഖം. "പുതിയ അയൽക്കാരെ ഒന്നു പരിചയപ്പെടാൻ വന്നതാ... ഞാൻ നിങ്ങളുടെ നേരെ മുമ്പിലെ വീട്ടിലെ ആൾ..!"

അതിഥിക്കിരിക്കാൻ സിറ്റൗട്ടിലെ കസേര നീക്കി. ഇരിക്കുമ്പോൾ അയാൾ റേഡിയോ കണ്ടു.

"റേഡിയോ ഇപ്പോഴും കേൾക്കാറുണ്ടല്ലേ?" അയാൾ കൗതുകത്തോടെ റേഡിയോയിലേക്ക് നോക്കി.

"ങ്ഹാ..... ഫിലിപ്സാണോ? നല്ല കമ്പനിയാ.... നല്ല ക്ലിയർ ഉണ്ടാകും!"

അതിഥി റേഡിയോ എടുത്തു കവിളിൽ ചേർത്തു വെച്ച് ട്യൂൺ ചെയ്യാൻ തുടങ്ങി. പിന്നെ പറഞ്ഞു.

"സത്യത്തിൽ ഞാൻ റേഡിയോയുടെ ശബ്ദം കേട്ട് വന്നതാ.. കുറേ നാളായി റേഡിയോ കേട്ടിട്ട്! എന്റടുത്തും ഒന്നുണ്ടായിരുന്നു പണ്ട്, പഴയത്. മക്കൾക്കൊന്നും അതിന്റെ ശബ്ദം ഇഷ്ടല്ലാ... കേടുവന്നപ്പോ അവരത് എവിടെയോ കളഞ്ഞു. അവർക്കൊന്നും റേഡിയോയുടെ സു:ഖമറിയില്ല." നിരാശയോടെയാണ് അതിഥി പറഞ്ഞത്. പിന്നീടുള്ള ദിവസങ്ങളിൽ അയൽവാസിക്കുവേണ്ടി റേഡിയോ ഉച്ചത്തിൽ വെച്ചാലോ എന്ന് അയാൾക്കു തോന്നി. സിറ്റൗട്ടിലിരുന്ന് അയാൾ റേഡിയോ ഓൺ ചെയ്തു.

ഒന്നു രണ്ടു ദിവസങ്ങൾക്കുശേഷം അയാൾ കൗതുകകരമായ ഒരു കാഴ്ച കണ്ടു.

അയൽവാസി കോലായിരുന്ന് റേഡിയോ അഴിച്ച് സൂക്ഷ്മതയോടെ റിപ്പയർ ചെയ്യുന്നു!

അയാളുടെ പഴയ റേഡിയോ ആയിരുന്നു അത്. റേഡിയോ പൊടിതട്ടി ബാറ്ററിയിട്ട് കവിളിൽ ചേർത്ത് ട്യൂൺ ചെയ്തുകൊണ്ട് അയൽവാസി പുഞ്ചിരിയോടെ നോക്കി. അയാളും തന്റെ റേഡിയോ ട്യൂൺ ചെയ്തുകൊണ്ട് തിരിച്ചങ്ങോട്ടും ഒരു പുഞ്ചിരി നൽകി.

**(അരീക്കോട് എം. അമാനുള്ളയുടെ അനുഭവത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)**

---






## ലിറ്റിൽ മാസിക നിലനിൽക്കാൻ

**ലി**റ്റിൽ മാസിക സെപ്റ്റംബർ,ഒക്ടോബർ,നവംബർ ലക്കങ്ങൾ മുടങ്ങി. തുടർന്ന് കൃത്യമായി ഇറങ്ങാനാണ് ശ്രമിക്കുന്നത്. സാമ്പത്തിക പ്രശ്നം കാരണം ചിലവു കുറയ്ക്കാൻ കോപ്പി എണ്ണം കുറയ്ക്കുകയാണ്. അതിനാൽ വരിസംഖ്യ തരാത്തവർക്കും തുടർന്ന് ആവശ്യമുണ്ടന്ന് അറിയിക്കുകയെങ്കിലും ചെയ്യാത്തവർക്കും അടുത്ത ലക്കം മുതൽ അയക്കുന്നതല്ല.

*ഇന്നുതന്നെ വരിസംഖ്യ*
*150 രൂപ എം. ഒ. അയച്ചു തരിക.*
*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*
*അക്കൗണ്ട് നമ്പർ-ബിജു ജോൺ*
*0857101067932 (കാനറ ബാങ്ക് എടക്കര ശാഖ)*
IFC code: CNR B 0000857



സാരമാഗുവിന്റെ പ്രഭാഷണം

# ജീവിതമെന്നാൽ സാഹിത്യമല്ല.

**ജീവിതമെന്നാൽ സാഹിത്യമല്ല. സാഹിത്യമല്ലാത്തതെല്ലാം ജീവിതമാണ്. സംഗീതവും ചിത്രകലയും ചരിത്രവുമെല്ലാം. വാക്കുകളിൽ നിന്ന് മോചനം നേടാൻ സംഗീതം എന്തു മാത്രം ശ്രമിക്കുന്നു! ചിത്രകലയെന്നാൽ ബ്രഷുപയോഗിച്ചുള്ള സാഹിത്യരചന തന്നെയല്ലേ? എഴുത്താരംഭിക്കുന്നതിനെത്രയോ മുമ്പു തന്നെ മനുഷ്യൻ ചിത്രം വരച്ചു പഠിച്ചിരുന്നു! എഴുതാനറിയാത്തവൻ വരയ്ക്കുകയും പെയിന്റ് ചെയ്യുകയും ചെയ്യും. സാഹിത്യം ഉദയം ചെയ്യുന്നതിനെത്രയോ മുമ്പു തന്നെ അത് മറ്റു രൂപങ്ങളിൽ ഉണ്ടായിരുന്നു**

**ഭാഗം-4**

**പരിഭാഷ: പി.പി. സുരേഷ്കുമാർ**

ലിസ്ബണിലെ ഒരു ടെക്നിക്കൽ സ്കൂളിൽ മെക്കാനിക്കാവാൻ വേണ്ടി ചേർന്നു പഠിച്ചിരുന്നപ്പോൾ തന്നെ കവിതയിലും ഞാൻ തൽപരനായിരുന്നു. പബ്ലിക് ലൈബ്രറിയിൽ ചെന്നിരുന്ന് മണിക്കൂറുകളോളം ഞാൻ മഹാകവികളുടെ ഹൃദയത്തിലൂടെ സഞ്ചരിച്ചു. എന്തുവായിക്കണം, എങ്ങനെ വായിക്കണം എന്ന് ഉപദേശം തരാൻ എനിക്കാരുമുണ്ടായിരുന്നില്ല. പുതിയ തീരങ്ങൾ കണ്ടെത്തിയ നാവികന്റെ ആഹ്ലാദം നിറഞ്ഞ മനസ്സോടെ ഞാൻ കവിഹൃദയങ്ങളിലൂടെ സഞ്ചരിച്ചു; കവിതയുടെ സൗന്ദര്യം ആവോളം നുകർന്നു. അന്നെനിക്ക് പതിനേഴു വയസ്സാണ് പ്രായം. ATENA എന്നു പേരുള്ള ഒരു മാസിക ഞാൻ കാണുന്നു. പോർച്ചുഗീസ് കവി റിക്കാർഡോ റെയിസ് എഴുതിയ കവിതകൾ അതിലുണ്ടായിരുന്നു. അതൊരു തൂലികാനാമമാണെന്നും കവിയുടെ യഥാർത്ഥപേര് ഫെർണാണ്ടോ നൊഗീരിയ പെസോവ എന്നാണെന്നും ഞാൻ പിന്നീടാണറിഞ്ഞത്. ആ കവിതകളെല്ലാം മനോഹരമായിരുന്നു. പലതും ഞാൻ ഹൃദിസ്ഥമാക്കി. ഈ ലോകത്തു നടക്കുന്ന കാര്യങ്ങളെ പരാതി കൂടാതെ സ്വീകരിക്കുന്നവനാണ് ബുദ്ധിമാൻ എന്ന അർത്ഥമുൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ വരികൾ അന്നെനിക്കുൾക്കൊള്ളാനായില്ല. പിന്നീട് കാലം പഠിപ്പിച്ച അനുഭവപാഠങ്ങളുടെ മടിയിലിരുന്നുകൊണ്ടാണ് The Year Of the Death Of Ricardo Rais എഴുതാൻ ധൈര്യം വന്നത്. 1936 എന്ന ചരിത്രപ്രാധാന്യമുള്ള വർഷത്തിന്റെ ഒരു നേർക്കാഴ്ച ഞാനതിലവരിപ്പിക്കാൻ ശ്രമിച്ചു. നാസി ജർമ്മനി റൈൻലാന്റ് കീഴടക്കിയതും സ്പാനിഷ് ഭരണകൂടത്തിനെതിരെ ഫ്രാങ്കോ നടത്തിയ യുദ്ധവുമെല്ലാം ഞാനതിൽ കോറിയിട്ടു. പ്രിയപ്പെട്ട കവിയോടായി ഞാൻ മന്ത്രിച്ചു: 'ഇതാണ് ലോകത്തു നടക്കുന്നത്. ഇതാണ് കാഴ്ച. ഇതു കാണുക....'

'കടൽ അവസാനിക്കുന്നിടത്ത് കര കാത്തുകിടക്കുന്നു' എന്ന വാക്യത്തോടെയാണ് The Year Of the Death Of Ricardo Rais" അവസാനിക്കുന്നത്. അതിലൊരു നനുത്ത നൊമ്പരത്തിന്റെ സ്പർശമുണ്ട്. പോർച്ചുഗൽ എന്ന മഹാരാജ്യത്തിന്റെ പ്രതാപകാലത്തിന്റെ അന്ത്യകൂദാശ കൂടിയായിരുന്നു ഞാൻ സൂചിപ്പിച്ചത്. തുടർന്ന് എഴുതിയ The Store Raft ൽ ഒരു ജനതയുടെ അസംതൃപ്തിയുടെ കഥ രേഖപ്പെടുത്താൻ ഞാൻ ശ്രമിച്ചു. യൂറോപ്പ് വൻകരയിൽ നിന്ന് ഒറ്റപ്പെട്ട ഒരു വ്യഥിത രാജ്യമായി പോർച്ചുഗലിനെ ഞാനതിൽ ചിത്രീകരിച്ചു. നഗരങ്ങളും ഗ്രാമങ്ങളും വ്യവസായശാലകളും കുന്നിൻപുറങ്ങളും പുഴകളും കാടുകളും ഇടകലർന്നു കിടക്കുന്ന എന്റെ രാജ്യം! അമേരിക്കയുടെ ആധിപത്യം അതിന്റെ പാരമ്യത്തിലേക്കുയർന്നുവരുന്ന കാലമായിരുന്നു അത്. സാമ്രാജ്യത്വം അടിച്ചേൽപിച്ച ക്ഷതത്തിനെതിരെ എന്തെങ്കിലും ചെയ്യാൻ യൂറോപ്യൻ രാജ്യങ്ങൾ തയ്യാറാവണമെന്ന് ഞാൻ ചിന്തിച്ചുതുടങ്ങി. ലോകത്ത് ഒരു സമതുലിതാവസ്ഥ സൃഷ്ടിക്കാനുള്ള നടപടി കൂടിയായിരിക്കും അത്. രണ്ടു സ്ത്രീകൾ, മൂന്നു പുരുഷൻമാർ, ഒരു നായ - ഇവരായിരുന്നു The Store Raft ലെ കഥാപാത്രങ്ങൾ. മാറുന്ന ലോകത്തിനൊപ്പം മാറാൻ പിടയ്ക്കുന്ന കഥാപാത്രങ്ങളെയാണ് ഞാനതിൽ അവതരിപ്പിക്കാൻ ശ്രമിച്ചത്.

The Store Raft ൽ ഭാവിയായിരുന്നു വിഷയമെങ്കിൽ History Of Siege of Lisbon ൽ ഭൂതകാലത്തെ പരിശോധനയ്ക്ക് വിധേയമാക്കുവാൻ ശ്രമിക്കുകയായിരുന്നു ഞാൻ. സാധാരണക്കാരിലും സാധാരണക്കാരനായ ഒരു പ്രൂഫ് റീഡറായിരുന്നു ഇതിലെ കേന്ദ്രകഥാപാത്രം. റെയ്മുണ്ടോ സിൽവ - അതായിരുന്നു അയാളുടെ പേര്. ഒരു കാര്യത്തിൽ മാത്രം അയാൾ വ്യത്യസ്തത പുലർത്തി. ഏതു കാര്യത്തിനും ഒരു കാഴ്ചപ്പുറമുള്ളതുപോലെ ഒരു കാണാപ്പുറവുമുണ്ടെന്ന് അയാൾ വിശ്വസിച്ചു. അതറിയുന്നതുവരെ നാമതറിയുകയേ ഇല്ല. നോവലിലെ ഒരു ചരിത്രകാരനോട് അയാൾ ഇങ്ങനെ



*റിക്കാർഡോ റെയിസ്*

എളങ്കൂർ ജി.യു.പി.എസ് സ്കൂളിലെ കുട്ടികൾ തങ്ങൾക്കു ചുറ്റുമുള്ള ജീവലോകത്തെ കുട്ടികൾക്കു മാത്രം കഴിയുന്ന സവിശേഷമായ കാഴ്ചയോടെ നിരീക്ഷിക്കുന്നു...

# ഞങ്ങളും കുറെ ജീവികളും വിദ്യാലയവും

ആദർശ്, ആദിത്യൻ, അരുൺ കൃഷ്ണ, വൈഷ്ണവ്

ഞങ്ങളുടെ സ്കൂളിൽ ഒരുപാട് ജീവികൾ ഉണ്ട്. പക്ഷികൾ, പുഴുക്കൾ, പ്രാണികൾ, അപൂർവ്വ ജീവികൾ, പാമ്പുകൾ.... ഇതിൽ പാമ്പുകൾ തന്നെ പലയിനമുണ്ട്. വെള്ളിക്കെട്ടൻ, മൂർഖൻ, അണലി എന്നീ കൂട്ടുകാരാണ് അധികം വരാറ്. ഇവർക്കായി പരിസ്ഥിതി ക്ലബ്ബ് പശ്ചിമഘട്ടം എന്ന പേരിൽ ഒരു കാട് തന്നെ ഉണ്ടാക്കി. സ്കൂൾ സ്റ്റേജിന് താഴെയായിരുന്നു അത്. കഴിഞ്ഞ മഴക്കാലത്ത് സ്റ്റേജ് പൊളിഞ്ഞപ്പോൾ അതിന്റെ ഭൂരിഭാഗവും കല്ലിനടിയിലായി. ആ പശ്ചിമഘട്ടത്തിൽ ഒരു വലിയ അണലി അമ്മ ഉണ്ടായിരുന്നു. അതിന് ഞങ്ങളും മാഷും എന്നും കുടിക്കാൻ വെള്ളം വെച്ചുകൊടുക്കും. ആ അണലിക്ക് മൂന്ന് കുട്ടികൾ ഉണ്ട്. അതിൽ ഒന്നിനെ മൂത്രപ്പുരയ്ക്ക് പുറത്തുനിന്നും മറ്റൊന്നിനെ തോട്ടത്തിൽ നിന്നും മാഷ് പിടിച്ചു. എന്നിട്ട് ഒരു കവറിലാക്കി അടുത്തുള്ള സർപ്പക്കാവിൽ മാഷും ഞങ്ങളും കൊണ്ടുപോയി ഇട്ടു. അതുകണ്ട് വന്ന കാവിനടുത്ത് താമസിക്കുന്ന ഒരാൾ ഞങ്ങളെ ഒരുപാട് ചീത്തപറഞ്ഞു. പിന്നീടൊരിക്കൽ ചെടിത്തോട്ടത്തിൽ കാട് വെട്ടി വൃത്തിയാക്കിക്കൊണ്ടിരുന്നപ്പോൾ ഒരു വെള്ളിക്കെട്ടനെ കണ്ടു. അതിനെ മാഷ് പിടിച്ച് സ്കൂളിന് അടുത്തുള്ള ചുടലയിൽ കൊണ്ടുപോയി വിട്ടു. ഞങ്ങളെല്ലാവരും യാത്ര പറയാൻ പോയിരുന്നു. അതിന് പോകാനേ മനസ്സില്ലായിരുന്നു. പിന്നൊരിക്കൽ മൂത്രപ്പുരയിൽ നിന്ന് ഒരു മൂർഖൻ പാമ്പിനെ പിടികൂടി. അതിനെയും ഞങ്ങൾ ചുടലയിലേക്ക് യാത്രയാക്കി.

പല കൗതുകമുള്ള ജീവികളും ഞങ്ങളുടെ തോട്ടത്തിൽ വിരുന്നുവരാറുണ്ട്. അതിൽ മറക്കാനാവാത്ത രണ്ട് കൂട്ടുകാരാണ് ജംബനും കണ്ണനും. ഞങ്ങളുടെ തോട്ടത്തിൽ പരിസ്ഥിതി ക്ലബ്ബിന്റെ ഭയങ്കര പ്രവർത്തകരായ ഷിജിൻ, അജയ്, ശ്രീജിഷ്ണു, രോഹിത് തുടങ്ങിയ ഏട്ടൻമാർ ഒരു ചെറിയ കുളം കുഴിച്ചിരുന്നു. അതിന് ടൈൽ ഇടാൻ ഒക്കെ അവർ ശ്രമിച്ചിരുന്നെങ്കിലും അതിൽ പരാജയപ്പെട്ടു. ആ കുളത്തിൽ ആണ് ഞങ്ങൾ ആദ്യം പറഞ്ഞ കൂട്ടുകാരായ തവളകൾ വന്നത്. ഞങ്ങൾ അവർക്കിട്ട പേരാണ് ജംബനും കണ്ണനും. ഞങ്ങൾ ആ കുളത്തിൽ അവർക്ക് ചകിരിവെച്ച് രണ്ട് കൂടുണ്ടാക്കി. അവർ ആ കൂട്ടിലാണ് സ്ഥിരം താമസിച്ചിരുന്നത്. വേനൽക്കാലമായപ്പോൾ ആ കുളത്തിലെ വെള്ളം വറ്റിയപ്പോൾ അവർ കുളത്തിൽനിന്ന് പോയി. ഞങ്ങൾ അവരെ കുറേ അന്വേഷിച്ചു. അവർ വെള്ളമുള്ള സ്ഥലം തേടിപ്പോയതാണെന്നും അടുത്തവർഷം പുതിയ കൂട്ടുകാർ വരുമെന്നും മാഷ് പറഞ്ഞുതന്നു. അതുപോലെ ഒരു ദിവസം രണ്ട് ഇണപക്ഷികൾ പറന്നുവന്ന് ഞങ്ങളുടെ ഗ്രൗണ്ടിൽ എത്തി. ഇതുവരെ ഇത്ര ഭംഗിയുള്ള പക്ഷികളെ ഞങ്ങൾ കണ്ടിട്ടില്ല. വൈകുന്നേരം ആ പക്ഷികൾ ഗ്രൗണ്ടിലെ പൂഴിമണ്ണിൽ ഭയങ്കര കളി. നവിൻമാഷ് ഫോട്ടോയെടുക്കാൻ പോയപ്പോഴേക്കും ആ പക്ഷികൾ പറന്നുപോയി. മറ്റൊരു ദിവസം സ്കൂളിലെ ഒരു മരത്തിൽ ഒരു തത്ത വന്നു. കുട്ടികൾ എല്ലാവരും ആ മരത്തിനു ചുറ്റും കൂടിനിന്നു. ആ മരക്കൊമ്പിലേക്ക് ജയദീപ് മാഷ് ഒരു വടി കാണിച്ചു. തത്ത ആ വടിയിലേക്ക് ഇറങ്ങിവന്നു. ഞങ്ങൾ അതിന് ചോറും പാലും കൊടുത്തു. അതിന് ഭയങ്കര വിശപ്പായിരുന്നെന്നു തോന്നുന്നു. അത് ആർത്തിയോടെ തിന്നു. പിന്നെ ഞങ്ങൾ തത്തക്ക് പയർ കൊടുത്തു. തത്ത അതിന്റെ കുരുക്കൾ മാത്രം തിന്നു. പിന്നെ മാഷിന്റെ കയ്യിലുള്ള വടിയിൽ നിന്നും തത്ത മരത്തിലേക്ക് പാറിപ്പോയി. വീണ്ടും ഞങ്ങൾ വടി കാണിച്ചെങ്കിലും തത്ത ഇറങ്ങിവന്നില്ല. കുറച്ചുകഴിഞ്ഞപ്പോൾ അത് അവിടെ നിന്ന് പാറിപ്പോയി.

**(ജി.യു.പി.എസ് എളങ്കൂർ- ശതാബ്ദി സ്മരണിക-2014)**

---

**ജീവിതമെന്നാൽ സാഹിത്യമല്ല...**

പറയുന്നുണ്ട്. പ്രൂഫ് റീഡർമാർ നിസ്സാരക്കാരല്ല. അവർക്ക് അനുഭവജ്ഞാനമുണ്ട്. ജീവിതമെന്നാൽ സാഹിത്യമല്ല. സാഹിത്യമല്ലാത്തതെല്ലാം ജീവിതമാണ്. സംഗീതവും ചിത്രകലയും ചരിത്രവുമെല്ലാം. വാക്കുകളിൽ നിന്ന് മോചനം നേടാൻ സംഗീതം എന്തുമാത്രം ശ്രമിക്കുന്നു! ചിത്രകലയെന്നാൽ ബ്രഷുപയോഗിച്ചുള്ള സാഹിത്യരചന തന്നെയല്ലേ? എഴുത്താരംഭിക്കുന്നതിനെത്രയോ മുമ്പു തന്നെ മനുഷ്യൻ ചിത്രം വരച്ചു പഠിച്ചിരുന്നു! എഴുതാനറിയാത്തവൻ വരയ്ക്കുകയും പെയിന്റ് ചെയ്യുകയും ചെയ്യും. സാഹിത്യം ഉദയം ചെയ്യുന്നതിനെത്രയോ മുമ്പു തന്നെ അത് മറ്റു രൂപങ്ങളിൽ ഉണ്ടായിരുന്നു എന്നു ചുരുക്കം. ഒരാൾ ജനിക്കുന്നതിനു മുമ്പുതന്നെ അയാൾ അയാളുടെ മാതാപിതാക്കളിലുണ്ടായിരുന്നില്ലേ? എനിക്ക് പരിമിതിയുണ്ട്. സാഹിത്യത്തിൽ പ്രാഗത്ഭ്യമില്ല. എങ്കിലും ചരിത്രത്തിൽ എനിക്കു താൽപര്യമുണ്ട്. ചരിത്രം ചരിത്രമാകുന്നതിനു മുമ്പ്, അത് നടന്നപ്പോൾ യഥാർത്ഥത്തിൽ നടന്നതു തന്നെയല്ലേ? അപ്പോൾ ചരിത്രവും യഥാർത്ഥമല്ലേ? റെയ്മുണ്ടോ സിൽവയുടെ സംശയം ഞാൻ പങ്കുവെക്കുകയാണ്.

---

**ലിറ്റിൽ മാസിക ബ്ലോഗ്**

ഏതാനും മുൻ ലക്കങ്ങൾ വായിക്കാം
**littlemasika.blogspot.in**



## തുർക്കിയിലെ

# സ്റ്റാന്റിംഗ് മാൻ

ഏദം ഗുണ്ടസ് (Erdem Gunduz)എന്നായിരുന്നു അയാളുടെ പേര്. 2013 ജൂൺ 17 സൂര്യൻ അസ്തമിച്ചതേയുള്ളൂ. തുർക്കിയിലെ ഈസ്താംബൂളിൽ തക്സീം സ്ക്വയറിൽ അതാതുർക്ക് കൾച്ചറൽ സെന്റർ എന്ന കെട്ടിടസമുച്ചയത്തിന് അഭിമുഖമായി ഇരുകയ്യും പാന്റ്സിന്റെ പോക്കറ്റിൽ ഇട്ട് ഒരു നിൽപ്പാരംഭിച്ചു. ഒറ്റനോട്ടത്തിൽ അതാതുർക്ക് കെട്ടിടത്തിലേക്ക് നോക്കുന്ന ഒരു സന്ദർശകനാണെന്നാണ് തോന്നിയത്. ആദ്യമൊക്കെ ആരും ശ്രദ്ധിച്ചില്ല. പിന്നീടാണ് ആളുകൾ അത് ശ്രദ്ധിച്ചുതുടങ്ങിയത്.

തുർക്കി സർക്കാരിനെതിരെ ബഹുജന പ്രക്ഷോഭം കൊടുമ്പിരികൊള്ളുന്ന സമയമായിരുന്നു അത്. പൊതുനിരത്തിൽ പ്രകടനവും സമ്മേളനവും നടത്തുന്നതുപോലും നിരോധിച്ചാണ് സർക്കാർ ജനകീയസമരത്തെ നേരിട്ടത്. അതിനെതിരെയാണ് ഏദം തന്റെ അനങ്ങാനിൽപ്പ് സമരം ആരംഭിച്ചത്. പ്രകടനവും ഒത്തുകൂടലും ഒക്കെയല്ലേ നിരോധിക്കാനാകൂ. ഒന്നും ചെയ്യാതെ അനങ്ങാതെ നിൽക്കാൻ തീരുമാനിച്ചാൽ..?

ഏതായാലും 6 മണിക്കൂർ നേരം ഒറ്റനിൽപ്പ് നിന്ന ഈ ഒറ്റയാൾ സമരം സോഷ്യൽ മാധ്യമങ്ങളിലൂടെ ലോകം മുഴുവൻ വളരെ പെട്ടെന്ന് പ്രചരിച്ചു. നൂറുകണക്കിന് ആളുകൾ ഏദത്തിന് പിന്നിൽ അണിനിരന്നു. ഒരു ബഹുജന നിൽപ്പ് സമരമായി അത് മാറി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ പുതിയ നിൽപ്പ് സമരം അരങ്ങേറി.

**പ്രകടനവും ഒത്തുകൂടലും ഒക്കെയല്ലേ നിരോധിക്കാനാകൂ. ഒന്നും ചെയ്യാതെ അനങ്ങാതെ നിൽക്കാൻ തീരുമാനിച്ചാൽ..?**

### ശബ്ദരേഖ

## കാഴ്ചപ്പാടുകൾ തന്നെ പ്രധാനം!

അഞ്ച് സോപ്പുകളടങ്ങിയ ഒരു പെട്ടി വാങ്ങിയതാണയാൾ. തുറന്നു നോക്കിയപ്പോൾ അതിലൊന്നിനകത്ത് സോപ്പില്ല. കാലിപ്പെട്ടി മാത്രം! അയാൾ പരാതിപ്പെട്ടു. കമ്പനിക്ക് വലിയ ക്ഷീണമായി. തങ്ങളുടെ വിശ്വാസ്യതയാണ് കമ്പോളത്തിൽ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്. ഈ പ്രശ്നത്തെ അതീവ ഗൗരവമായി കാണാൻ അവർ തീരുമാനിച്ചു. വിശദമായ അന്വേഷണങ്ങൾക്കൊടുവിൽ മനസ്സിലായി അസംബ്ലിംഗ് ലൈനിൽ നിന്നാണ് പിഴവ് സംഭവിച്ചത്. ഒരു പെട്ടിയിൽ സോപ്പ് നിറക്കാതെ കാലിയാക്കി പാക്കിംഗിലേക്ക് അയക്കുകയായിരുന്നു. മാനേജ്മെന്റ് ഈ തെറ്റ് ആവർത്തിക്കാതിരിക്കാൻ എഞ്ചിനീയർമാർക്ക് നിർദേശം നൽകി. ഇനിയും ഒരു നാണക്കേട് ഉണ്ടാകരുത്. ഏതു മാർഗ്ഗം അവലംബിച്ചാലും കുഴപ്പമില്ല. എഞ്ചിനീയർമാരുടെ തലപുകഞ്ഞു. ഒടുവിൽ പരിഹാരമായി. എക്സ്റേ യന്ത്രം ഉപയോഗിച്ച് അസംബ്ലിംഗ് ലൈൻ പരിശോധിച്ച് വലിയ രണ്ട് മോണിറ്ററുകളുടെ സഹായത്തോടെ കാലിപ്പെട്ടികൾ വരുമ്പോൾ കണ്ടെത്താനുള്ള സൗകര്യങ്ങൾ വന്നു. രണ്ടുപേർ ഓരോ ഷിഫ്റ്റിലും ഈ മോണിറ്ററിന്റെ മുമ്പിൽ കണ്ണിൽ എണ്ണയൊഴിച്ചിരുപ്പായി. കമ്പനിക്ക് ഈ സംവിധാനമൊരുക്കാൻ കുറച്ചധികം പണം ചിലവായി എന്നത് നേര്!

അതിനിടയിൽ ആ കമ്പനിയിലെ താഴേ തട്ടിലുള്ള ഒരു തൊഴിലാളി മറ്റൊരാശയവുമായി വന്നു. അയാൾ അത്യാവശ്യം ശക്തിയിൽ കാറ്റുവീശുന്ന വലിയൊരു ഇൻഡസ്ട്രിയൽ ഫാൻ കൊണ്ടുവന്ന് അസംബ്ലിംഗ് ലൈനിന് നേരെ വെച്ചു. ഫാൻ സ്വിച്ചോൺ ചെയ്തു. ഓരോ സോപ്പുപെട്ടിയും ഫാനിനു മുന്നിലൂടെ കടന്നുപോയപ്പോൾ കാലിപ്പെട്ടികൾ മാത്രം പറന്നുപോയി. എത്ര നിസ്സാരമായ പ്രശ്നപരിഹാരം! കമ്പനി മേലാളർ സസന്തോഷം ആ സംവിധാനം സ്വീകരിച്ചു. ഈ വേറിട്ട ചിന്ത ഒരു മാനേജ്മെന്റ് ശാസ്ത്രമായി വികസിച്ചു. ഓരോ പ്രശ്നത്തിനും ലളിതമായ പരിഹാരം തേടാനാവണം ആദ്യം ശ്രമം. അപ്പോൾ പ്രശ്നങ്ങളിലല്ല ഊന്നൽ വരിക, പരിഹാരങ്ങളിലാണ്. കാഴ്ചപ്പാടുകൾ ഇത്തിരിയൊന്നു മാറുമ്പോൾ കാര്യങ്ങൾ അപ്പാടെ മാറി മറിയുന്നു.

ജീവിതത്തിലേക്ക് ഒന്നു ശ്രദ്ധിക്കൂ... നമ്മുടെ ജീവിതത്തിൽ എന്തൊക്കെ പോരായ്മകളുണ്ട്, കുറവുകളുണ്ട് എന്നു നോക്കിയാൽ അത്തരം പ്രശ്നങ്ങൾ മാത്രമേ കണ്ണിൽപ്പെടൂ. മറിച്ച് നമുക്കുള്ള അനുഗ്രഹങ്ങളെ, അനുകൂല കാര്യങ്ങളെ ഒന്നെണ്ണാമെങ്കിൽ എത്രയോ കാര്യങ്ങൾ നമ്മുടെ മുമ്പിലെത്തും. അതുവരെ നാം ശ്രദ്ധിച്ചിട്ടില്ലാത്ത എത്രയോ നല്ല കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്നു തന്നെ നാം കണ്ടെടുക്കുന്നു. അതെ! കാഴ്ചപ്പാടുകൾ തന്നെയാണ് പ്രധാനം.

(ആകാശവാണി കോഴിക്കോട് നിലയം പ്രക്ഷേപണം ചെയ്തുവരുന്ന ജ്യോതി-ശുഭചിന്തകളിലേക്ക് ഒരു വഴികാട്ടി എന്ന പരിപാടിയുടെ ശബ്ദരേഖയിൽ നിന്ന്)



# യോഗാസനങ്ങളും ജീവമാതൃകകളും

ഡേവിസ് വളർക്കാവ്

ഭാരതത്തിലെ പ്രസിദ്ധമായ ഷഡ്ദർശനങ്ങളിലെ പ്രധാനപ്പെട്ട ഒന്നാണ് യോഗം. പതഞ്ജലി മഹർഷിയാണിതിന്റെ ആചാര്യൻ. അതിനാൽ പതഞ്ജലിയോഗമെന്നും പറയാറുണ്ട്. അഷ്ടാംഗയോഗമെന്നും ഇത് അറിയപ്പെടുന്നു. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി ഇവയാണ് എട്ട് ഘട്ടങ്ങൾ. ഇതിൽ നിയമം, ആസനം, പ്രാണായാമം, ധ്യാനം, സമാധി ഇവയൊക്കെ ധാരാളം കേൾക്കുന്നതാണ്. എന്നാൽ ഇവയുടെ സാരം ഗ്രഹിച്ച് പറയുന്നവർ കുറവാണ്. പഠിക്കാൻ താൽപര്യമുള്ളവർ സൂക്ഷ്മാർത്ഥം മനസ്സിലാക്കുന്നത് നന്നായിരിക്കും.

യോഗ എന്ന് സമീപകാലത്ത് നാം ധാരാളം കേൾക്കാറുണ്ട്. ചിത്രങ്ങളിലും പുസ്തകങ്ങളിലുമായി ഇത് ധാരാളം കാണാം. യോഗാഭ്യാസം, യോഗാസനം, യോഗവിദ്യ എന്നും കേൾക്കാറുണ്ട്. യോഗം എന്നതാണ് ശരി. ദർശനത്തിന്റെ നാമവും യോഗം എന്നാണ്. യോഗവിദ്യ, യോഗനില, യോഗദൃഷ്ടി എന്നൊക്കെ പണ്ഡിതൻമാർ ചർച്ച ചെയ്യാറുണ്ട്. ജ്ഞാനികൾക്കും ഗുരുക്കൻമാർക്കും ഇത് സുപരിചിതമാണ്.

യോഗം എന്നാൽ സംയോഗമാണ്. എന്തിന്റെ? ജീവാത്മാ-പരമാത്മാ സംയോഗം, ശരീര-മന:സംയോഗം, പ്രകൃതി-പുരുഷ സംയോഗം ഇത്യാദി സംയോഗങ്ങളാണ് യോഗയിലെ പ്രധാന ലക്ഷ്യം. കൂടാതെ സാമൂഹ്യസംയോഗവും ഉണ്ട്. വ്യക്തി-സമൂഹ സംയോഗം എന്നും പറയും. യോഗയുടെ സാമൂഹ്യമായ ഈ വശം പലരും വിസ്മരിച്ചിരിക്കുകയാണെന്ന് സാമൂഹ്യവിചാരമുള്ളവർ പരാതി പറയാറുണ്ട്.

യോഗം എന്നതിനേക്കാൾ യോഗ എന്നും, യോഗ എന്നാൽ ആസനങ്ങളാണെന്നും, അഭ്യാസി വലിയ മെയ്വഴക്കക്കാരനാണെന്നും, യോഗ ക്ലാസ്സിൽ പോയി പഠിക്കാമെന്നും കരുതുന്നവർ ധാരാളമുണ്ട്. യോഗാസനം എന്നത് യോഗദർശനത്തിന്റെ തത്വങ്ങളുടെ സാക്ഷാത്ക്കാരത്തിനായുള്ള ഉപാധിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഇതൊരു വ്യായാമമുറയല്ലതന്നെ.

മനുഷ്യമഹത്വത്തെ ഉത്ഘോഷിക്കുന്ന, മനുഷ്യരിലെ മഹാശക്തികളെ ഉണർത്തി അതുവഴി ജീവമുക്തരാകാൻ, മുമുക്ഷുവാകാനുള്ള വഴികളാണ് പതഞ്ജലി യോഗയുടെ ലക്ഷ്യം. അതിനുള്ള പടവുകൾ ഓരോന്നും താണ്ടിക്കടന്നു പോകലാണിതിന്റെ പരിശീലനവും ഉള്ളടക്കവും. ഇത് വിസ്മരിച്ച യോഗ ക്ലാസ്സുകൾ ധാരാളം നിലവിലുണ്ട്. മൂന്നാമത് പടവായ ആസനങ്ങളിൽ ഒട്ടേറെ പോസുകളാണ്. പ്രാചീനഗ്രന്ഥങ്ങൾ പറയുന്നതിനേക്കാൾ ഒട്ടേറെ ആസനങ്ങൾ ഇന്നുണ്ടത്രെ. കാലാകാലങ്ങളിൽ കൂടുതൽ പോസുകൾ ഉണ്ടാകാറുണ്ടെന്ന് പരാതിപറയുന്നതും കേൾക്കാം.

ഈ ആസനങ്ങൾ ശ്രദ്ധാലുവായ ഒരു പഠിതാവിന് നല്ല പരിശ്രമത്തിലൂടെ അനുഷ്ഠിക്കാവുന്നതാണ്. യോഗാസന മാതൃകകളിൽ അധികവും ജീവജാതികളുടെ രൂപമോ ചലനമോ സ്വാംശീകരിച്ചതാണ്. ഉദാഹരണത്തിന് നാമേറെ കേൾക്കുന്നതാണ് സിംഹാസനം. അധികാരവുമായി ബന്ധപ്പെട്ടാണിത് പ്രചാരത്തിലുള്ളത്. കനകസിംഹാസനം, മയൂരസിംഹാസനം എന്നൊക്കെ കേട്ടിട്ടില്ലേ? എന്നാൽ ഒരു പഠിതാവിന് ഈ പ്രചരണകോലാഹലമൊന്നും ഉപകരിക്കയില്ല. സ്വയം അനുഷ്ഠിച്ച് നേടേണ്ട നിറവാണ് യോഗയുടെ തത്വരഹസ്യം. അറിവിനേക്കാൾ അനുഭവിക്കാനാണ് ഒരന്വേഷകനെ യോഗ ദർശനം ക്ഷണിക്കുന്നത്. അതിനാലായിരിക്കാം ഗീതാകാരൻ പറയുന്നത്: ശരീരത്തെ ക്ലേശിപ്പിക്കുന്ന തപസ്വികളേക്കാളും ജ്ഞാനത്തിന്റെയോ, കർമ്മത്തിന്റെയോ പാത പിന്തുടരുന്ന സാധകരെക്കാളും യോഗിശ്രേഷ്ഠനാണെന്നും കരുതപ്പെടുന്നു. 'അല്ലയോ അർജ്ജുനാ, നീയൊരു യോഗിയായിത്തീരൂ' എന്ന്. യോഗ ക്ലാസ്സുകളും ക്യാമ്പുകളും ആശ്രമങ്ങളും പാക്കേജുകളും വിദേശയാത്രകളും ആചാര്യബാഹുല്യവും വ്യാപാര താൽപര്യവും ഒക്കെ ഈ ദർശനത്തെ എന്താക്കിമാറ്റുമോയെന്ന് ആശങ്ക തോന്നുംവിധമാണ് നമ്മുടെ മനോനിലയും യോഗാവസ്ഥയും. കരുതലും ജാഗ്രതയും ഒരു സാധകന് ആചാര്യരെ കണ്ടെത്തുന്നതിലും ഇക്കാലത്ത് ഏറെ ആവശ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു. മനുഷ്യരെ ഉത്കൃഷ്ടരാക്കാൻ സഹായിക്കുന്ന യോഗയിൽ-ആസനങ്ങളിൽ ജന്തുകുലത്തിന് ജീവകുലത്തിന് ഉള്ള പങ്ക് അറിഞ്ഞ്, വേണ്ടത്ര ആദരവ് ഇവർക്ക് നൽകുന്നുണ്ടോയെന്ന് ഒരു നിമിഷം മനുഷ്യർ ചിന്തിക്കേണ്ടതാണ്. എങ്കിലേ നാം സംസ്കാര സമ്പന്നരെന്ന പദത്തിന് അടുത്തെങ്കിലും എത്തിച്ചേരൂ.....

സ്വയം അനുഷ്ഠിച്ച് നേടേണ്ട നിറവാണ് യോഗയുടെ തത്വരഹസ്യം. അറിവിനേക്കാൾ അനുഭവിക്കാനാണ് ഒരന്വേഷകനെ യോഗ ദർശനം ക്ഷണിക്കുന്നത്. അതിനാലായിരിക്കാം ഗീതാകാരൻ പറയുന്നത്: ശരീരത്തെ ക്ലേശിപ്പിക്കുന്ന തപസ്വികളേക്കാളും ജ്ഞാനത്തിന്റെയോ, കർമ്മത്തിന്റെയോ പാത പിന്തുടരുന്ന സാധകരെക്കാളും യോഗിശ്രേഷ്ഠനാണെന്നും കരുതപ്പെടുന്നു.



ചെറിയാച്ചൻ

നരേന്ദ്രമോഡി എന്ന് കേട്ടിട്ടുപോലുമില്ലാത്ത, ആരാണ് കേരളത്തിന്റെ മുഖ്യമന്ത്രി എന്നറിയാത്ത ചെറിയാച്ചൻ നമ്മുടെയൊക്കെ സങ്കൽപ്പങ്ങൾക്കുമപ്പുറത്തുള്ള അതി നൈസർഗികവും അനലംകൃതവുമായ ഒരു ജീവിതമാണ് ജീവിക്കുന്നത്... അലങ്കാരങ്ങളൊന്നുമില്ലാതെ പരമാവധി നിലം പറ്റി ഒട്ടും കനമില്ലാത്ത ഇത്തരം ജീവിതങ്ങളുടെ അതിശയകരമായ സാധാരണത്തമാണ്, ഭാരമില്ലായ്മയാണ് നമ്മെ ചിലത് ഓർമ്മപ്പെടുത്തുന്നത്.

ലിമാ ഡെസ്ക്

# ചെറിയാച്ചന്റെ ലോകങ്ങൾ

ചില ജീവിതങ്ങളുടെ അതിശയകരമായ സാധാരണത്തമാണ് , ഭാരമില്ലായ്മയാണ് നമ്മെ ചിലത് പഠിപ്പിക്കുന്നത്. ഇതാ സാധാരണത്തത്തെ ആഘോഷമാക്കിയ ഒരാൾ..

ചിറപുറത്ത് വീട്ടിൽ ചെറിയാച്ചന് ഇന്ത്യയുടെ പ്രധാനമന്ത്രി ആരാണെന്നറിയില്ല. കേരളത്തിന്റെ മുഖ്യമന്ത്രി ആരാണെന്നറിയില്ല. നരേന്ദ്രമോഡി എന്ന് കേട്ടിട്ടുപോലുമില്ല. അതൊക്കെ അറിഞ്ഞിട്ട് എന്ത് എന്ന മട്ടിലാണ് ചെറിയാച്ചന്റെ ജീവിതം. പക്ഷേ നമുക്കു ചുറ്റും കാണുന്ന പക്ഷികളെപ്പോലെ, മനുഷ്യനൊഴികെയുള്ള മറ്റു ജീവജാലങ്ങളെപ്പോലെ തികച്ചും നൈസർഗ്ഗികമായി ജീവിക്കുന്ന ചെറിയാച്ചൻമാരെ അതേപടി മാതൃകയാക്കാനാവില്ലെങ്കിലും വലിയ ലോകത്ത് മഹാതിരക്കുകളിൽ ഓടുമ്പോൾ നമുക്ക് ഇടയ്ക്കെങ്കിലും ഈ പക്ഷി ജീവിതങ്ങൾ ഒന്ന് നിരീക്ഷിച്ചാൽ ചിലത് പഠിക്കാനാവും. ടെലിവിഷനിലും റേഡിയോവിലും പത്രമായ പത്രങ്ങളിലൂടെയും സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും തന്റെ മോഡി ബ്രാന്റുമായി രാജ്യം മുഴുവൻ നിറഞ്ഞുനിൽക്കുന്ന നരേന്ദ്രമോഡിക്കും 'റീച്ച്' ഇല്ലാത്ത പൗരൻമാർ വടക്കേയിന്ത്യയിലെ കുഗ്രാമങ്ങളിൽ തന്നെയല്ല നമ്മുടെ കേരളത്തിലും ധാരാളമുണ്ട്.

കൈനിറയെ മിഠായികളുമായി വീടുകളിൽ ചെന്ന് കുട്ടികൾക്ക് മിഠായി വിതരണം ചെയ്യുന്ന ചെറിയാച്ചനെ തന്റെ ഹെർക്കുലീസ് സൈക്കിളിൽ റോഡിലൂടെ ചീറിപ്പായുന്ന ചെറിയാച്ചനെയും നാട്ടുകാർ നിത്യവും കാണുന്നുണ്ട്. 80 കടന്ന ചെറിയാച്ചൻ ഇപ്പോഴും ഉപജീവനത്തിന് മകനെ ആശ്രയിക്കാതെ നന്നായി രാകി മിനുക്കിയ മഴുവുമായി വീടുകളിൽ ചെന്ന് വിറക് വെട്ടുന്നു. വീടുകളിലെല്ലാം ഗ്യാസ് അടുപ്പുകളായതോടെ വിറകുവെട്ട് ഇപ്പോൾ കമ്മിയാണെന്ന് ചെറിയാച്ചൻ പറയുന്നു.

സി.എം. ചെറിയാൻ എന്ന ചെറിയാച്ചൻ തിരുവല്ല താലൂക്കിലെ കോഴഞ്ചേരി സ്വദേശിയാണ്. സഹോദരൻമാരൊക്കെ റെയിൽവേയിലും മറ്റുമായി വലിയ ഉദ്യോഗങ്ങളിലാണ്. ഇപ്പോൾ മലപ്പുറം ജില്ലയിലെ ചുങ്കത്തറയിൽ പഞ്ചായത്ത് ധനസഹായം ചെയ്ത വീട്ടിൽ ഭാര്യയോടും മകനും മരുമകളോടുമൊപ്പം താമസിക്കുന്നു.

പതിവ് സന്ദർശനത്തിനിടയിൽ വീട്ടിലെത്തിയ ചെറിയാച്ചനുമായി സംസാരിച്ചതിങ്ങനെ:

*ചോ: 80 വയസ്സ് കഴിഞ്ഞിട്ടും ഉപജീവനത്തിന് വഴി കണ്ടെത്താൻ അദ്ധ്വാനിക്കുകയാണല്ലോ.*

ചെറിയാച്ചൻ: സ്വന്തമായി വിറക് വെട്ടി ജീവിക്കുകയാണ്. ഒരു മകനുണ്ട്. അവനെ ആശ്രയിക്കാതെയാണ് ജീവിക്കുന്നത്. ആരോഗ്യമുള്ളിടത്തോളം ജോലി ചെയ്യണം.

*ചോ: എപ്പോഴും ഈ സൈക്കിൾ കൂടെ കാണുമല്ലോ?*

ചെറിയാച്ചൻ: ചോക്കാടും നിലമ്പൂരുമൊക്കെ പോകുന്നത് ഈ സൈക്കിളിൽ തന്നെയാണ്. ഈ സൈക്കിൾ യാത്ര ചെയ്യാൻ വളരെ സുഖമാണ്.

ചോ: ഈ സൈക്കിളിനെന്താ പ്രത്യേകത?

ചെറിയാച്ചൻ: ഹെർക്കുലീസ് സൈക്കിളാണ്. 2500 രൂപ കൊടുത്ത് പഴയത് വാങ്ങിയതാണ്. 2000 രൂപ കൂടി മുടക്കി കണ്ണാടി, ടയർ, സീറ്റ് ഒക്കെ മാറ്റി. പോലീസുകാര് പിടിക്കാതിരിക്കാൻ സൈക്കിളിൽ ലൈറ്റും പിടിപ്പിച്ചു.

*ചോ: ഈ സൈക്കിൾ കൊടുക്കുമോ?*

ചെറിയാച്ചൻ: ഇല്ല. 4,000 രൂപ തന്നാൽ കൊടുക്കും. 3000 രൂപ വരെ തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതുപോലെയൊരു വണ്ടി ഒത്തുകിട്ടുകേല. ചവിട്ടിനോക്കിയാലേ ഇതിന്റെ പവർ അറിയൂ. (സംസാരിച്ചുകൊണ്ടിരിക്കെ മടിയിൽ നിന്നും ഒരു പൊതി എടുത്ത് പതിവു

പോലെ കുറച്ച് മിഠായികളെടുത്ത് കുട്ടികൾക്ക് കൊടുത്തു.)

*ചോ: മിഠായി എപ്പോഴും കാണുമല്ലോ കയ്യിൽ?*

ചെറിയാച്ചൻ: എന്റെ മകന് മക്കളില്ല. കൊച്ചുകുട്ടികളെ എനിക്ക് വലിയ കാര്യമാണ്. രാവിലെ കുറേ മിഠായി വാങ്ങും. പോകുന്നിടത്തൊക്കെ കാണുന്ന കുട്ടികൾക്ക് കൊടുക്കും. പത്തിരുപത് രൂപയ്ക്ക് എന്നും മിഠായി വാങ്ങും.

*ചോ: നരേന്ദ്രമോഡിയെ കുറിച്ച് എന്താണഭിപ്രായം?*

ചെറിയാച്ചൻ: അതാരാ?

*ചോ: നമ്മുടെ പ്രധാനമന്ത്രിയാരാണെന്ന് അറിയാമോ?*

ചെറിയാച്ചൻ: അറിയത്തില്ലല്ലോ..

*ചോ: കേരളം ഭരിക്കുന്നതോ?*


ചെറിയാച്ചൻ: നമ്മുടെ നിലമ്പൂരുള്ള ഒരാളുണ്ടല്ലോ.. ആര്യാടൻ.. അയാളല്ലേ ഭരിക്കുന്നത് ഇപ്പോൾ ?

*ചോ: നേരംപോക്ക് എന്തൊക്കെയാണ്?*

ചെറിയാച്ചൻ: വെറുതെയിരിക്കുമ്പോൾ പാട്ടുപാടും. പണ്ട് കോഴഞ്ചേരിയിൽ താമസിക്കുമ്പോൾ വീടിനടുത്ത് വന്ന സൈക്കിൾ യജ്ഞക്കാരുടെ കൂടി പാട്ടുപാടാൻ പോവുമായിരുന്നു. അവർ പോകാൻ നേരം എന്നെ കുറേ വിളിച്ചു. ഞാൻ പോയില്ല. പാമ്പുകൾക്ക് മാളമുണ്ട്......., ദേവീ ശ്രീദേവീ..... ഈ പാട്ടുകൾ എനിക്ക് മുഴുവനുമറിയാം.

*ഇതുപറഞ്ഞയുടനെ ചെറിയാച്ചൻ രണ്ടു പാട്ടും ഉറക്കെ താളത്തിൽ ലയിച്ചുപാടി. പാടിയ പാട്ട് പതുക്കെ മൂളി ചെറിയാച്ചൻ പടിയിറങ്ങി. ഭരിക്കുന്നത് നരേന്ദ്രമോഡിയാണെങ്കിലും മൻമോഹൻസിംഗാണെങ്കിലും ഉമ്മൻചാണ്ടിയാണെങ്കിലും അതൊന്നും ചെറിയാച്ചന് പ്രശ്നമല്ല. മഴു കയ്യിലുള്ളിടത്തോളം ചെറിയാച്ചന് ജീവിതം ഒരുവിധം അരിഷ്ടിച്ച് കടന്നുപോകാം.*

അങ്ങേയറ്റം സൗമ്യമായി,നിശബ്ദമായി ഭൂമിക്കും ഒരു ഉറുമ്പിനുപോലും ഒരു ഭാരവുമേൽപ്പിക്കാതെ ഏറ്റവും ഭാരരഹിതമായ ജീവിതമാണ് ചെറിയാച്ചൻമാർ നയിക്കുന്നത്. ഏൽപ്പിക്കാത്ത കാർബൻ പാദമുദ്രകളുടെ പേരിലെങ്കിലും ചെറിയാച്ചൻ തന്റെ ജീവിതം കൊണ്ട് സ്വയം അടയാളപ്പെടുത്തിയിരിക്കുന്നു



മഹാനദികളും ഉത്തുംഗ പർവ്വതങ്ങളും
ഭൂമിയുടെ കവിതകളാകുന്നു
ഓരോ ജീവിയും ദൈവത്തെക്കുറിച്ചുള്ള
ഒരു പുസ്തകമാകുന്നു...

-മെസ്റ്റർ എക്ഹാർട്ട്

കർഷകരും തോട്ടികളും കിണറു കുഴിക്കുന്നവരും കെട്ടിടം പണിയുന്നവരും ചുമടെടുക്കുന്നവരും ജീവിതത്തെ നേരും നെറിയുമുള്ള താക്കി തീർക്കുന്നു. ജീവിതം എന്തു പഠിപ്പിച്ചു എന്ന ബുദ്ധിജീവിയുടെ അഭിമുഖ സംഭാഷണം അല്ല ജീവിതം. ഹോമവും കുർബാനയും നിസ്കാരവുമല്ല. വിതയും മെതിയും കടവും അങ്ങാടിയും ആണ് അവരാണ് ഉണങ്ങിവരണ്ട ചരിത്രത്തിന്റെ ഇടങ്ങളിൽ ജീവജലത്തിന്റെ ഉറവകൾ സൃഷ്ടിക്കുന്നത്. മറ്റുള്ളവർക്ക് ഉപകരിക്കുന്നതിനുവേണ്ടി മനുഷ്യർ നടത്തുന്ന കഠിനാദ്ധ്വാനത്തേക്കാൾ മഹത്തായ പ്രാർത്ഥന വേറെയില്ല.

-ഡി. വിനയചന്ദ്രൻ

---




# തപാലിൽ കത്തെഴുത്തു മത്സരം

## സമ്മാനം 1111 രൂപ

തപാലിൽ കത്തയക്കലിനെ പ്രോത്സാഹിപ്പിക്കാനായി, വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്കായി 'ഇന്ന്' മാസിക കത്തെഴുത്തു മത്സരം നടത്തുന്നു.

**തപാൽ നിലനിൽക്കേണ്ടതിന്റെ ആവശ്യകത** എന്ന വിഷയത്തിൽ ഒരു കത്ത് ഇൻലന്റ് ലറ്ററിൽ എഴുതി, **31-12-2014** നു മുമ്പ് കിട്ടത്തക്ക വിധം അയക്കണം. **മികച്ച കത്തിന് 1111 രൂപയും പ്രശസ്തിപത്രവും** സമ്മാനം നൽകും. തിരഞ്ഞെടുക്കപ്പെടുന്ന കത്തുകൾ പ്രസിദ്ധപ്പെടുത്തും. അയക്കുന്നവരുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും ഇൻലന്റിന്റെ പുറത്ത് എഴുതിയിരിക്കണം. അയക്കേണ്ട വിലാസം: **കത്തെഴുത്തു മത്സരം, 'ഇന്ന്' മാസിക, മലപ്പുറം-676505**




*ജെന്റിൽമെൻ ബാരിസ്റ്റാസ് കോഫി ഹൗസ്*

**ബിജു ജോൺ**

ലണ്ടൻ സൗത്ത് പാർക്ക് യൂണിയൻ സ്ട്രീറ്റിലെ 63-ാം നമ്പർ എന്ന വിലാസത്തിലെ ജന്റിൽമാൻ ബാരിസ്റ്റാസ് എന്ന കോഫി ഹൗസും ഇങ്ങ് കേരളത്തിൽ മലപ്പുറം ജില്ലയിലെ ചാലിയാർ തീരത്തെ എടവണ്ണ എന്ന ചെറിയ ടൗണിൽ ഊട്ടി റോഡിലെ സാൾട്ട് മാംഗോ ട്രീ എന്ന ഭക്ഷണശാലയും തമ്മിൽ എന്ത്?

# ജന്റിൽമാൻ ബാരിസ്റ്റാസ് കോഫി ഹൗസ്

**നമ്പർ 63**
**സൗത്ത് പാർക്ക്**
**യൂണിയൻ സ്ട്രീറ്റ്**
**ലണ്ടൻ**

ലണ്ടൻ സൗത്ത് പാർക്ക് യൂണിയൻ സ്ട്രീറ്റിലെ 63-ാം നമ്പർ എന്ന വിലാസത്തിൽ ഈയടുത്ത് ആരംഭിച്ച ജെന്റിൽമെൻ ബാരിസ്റ്റാസ് എന്ന കോഫി ഹൗസും മലപ്പുറം ജില്ലയിൽ എടവണ്ണ ഊട്ടി റോഡിൽ അടുത്തിടെ ആരംഭിച്ചസാൾട്ട് മാംഗോ ട്രീ എന്ന ഉച്ചഭക്ഷണശാലയും തമ്മിലുള്ള സാദൃശ്യമെന്താണ്?

തൊഴിൽ, ജോലി, സേവനം എന്തുമായിക്കൊള്ളട്ടെ, അതെത്ര ചെറുതുമായിക്കൊള്ളട്ടെ, അതിലെ ആഴമായ അർപ്പണം അതിൽ പ്രകടിപ്പിക്കുന്ന സർഗ്ഗാത്മകത അതിനെ മഹത്വപൂർണ്ണമാക്കുന്നു എന്ന അടിസ്ഥാന തത്വമാണ് ഈ രണ്ട് ചെറുസംരംഭങ്ങളെയും ഭൂഖണ്ഡങ്ങൾക്കപ്പുറമാണെങ്കിലും സമാനമാക്കുന്നത്. ഒരു ചെറു കോഫി ഹൗസ് ആയി തുടങ്ങുമ്പോഴും തികഞ്ഞ ആത്മവിശ്വാസത്തോടെ, തികഞ്ഞ സംതൃപ്തിയോടെ ഹെൻറി ആയേഴ്സ്, എഡ്വേർഡ് പാർക്സ് എന്നീ ഭാവനാശാലികളായ യുവാക്കൾ ആ സംരംഭത്തെ മഹത്വവൽക്കരിക്കുന്നു. ലണ്ടനിലെ ഈ യുവാക്കൾ കോഫി മാത്രമല്ല ആളുകൾക്ക് പകരുന്നത്, അതിനപ്പുറം ആവി പറക്കുന്ന ചുടുസൗഹൃദവും സമർപ്പണത്തിന്റെ സൗരഭ്യവുമാണ്. രണ്ട് സംരംഭങ്ങളെയും ചേർത്തുവെക്കുന്നത് അതിനുപിന്നിലെ ക്രിയാത്മകതയുടെ ഊർജ്ജമാണ്.

അതിനാൽ ലണ്ടനിലെ യൂണിയൻ സ്ട്രീറ്റിലെ ജെന്റിൽമെൻ ബാരിസ്റ്റാസ് എന്ന കോഫി ഹൗസിലേക്ക് പോകാൻ കഴിയാത്തവർക്ക് ഇവിടെ എടവണ്ണയിലെ സാൾട്ട് മാംഗോ ട്രീയിലേക്ക് വന്നാൽ മതി!


ചാലിയാറിന്റെ തീരത്തുള്ള ചെറു പട്ടണമായ എടവണ്ണയിൽ ഈ ഭക്ഷണശാലയിൽ ഉച്ചഭക്ഷണം മാത്രമാണ് വിളമ്പുന്നത്. ആയിഷ എന്ന ഒരു മാതാവ് തന്റെ മകന് സ്വതസിദ്ധമായ കൈപ്പുണ്യവും സ്നേഹവും ചേർത്ത് വീട്ടിൽ വിളമ്പിയ ബിരിയാണിയുടെയും ഊണിന്റെയും വല്ലാത്ത സ്വാദ് ആ മകന് മാത്രമല്ല മകന്റെ കൂട്ടുകാർക്കും ഏറെ ആസ്വാദ്യകരമായിരുന്നു. ഈ മാതാവിന്റെ കൈപ്പുണ്യം തന്നെയാണ് സാൾട്ട് മാംഗോ ട്രീയുടെ പ്രധാന മൂലധനവും ചേരുവയും. ഏതായാലും മകൻ ഷബീർ ഉമ്മയുടെ ഭക്ഷണം നാട്ടുകാർക്ക് കൂടി വിളമ്പിക്കൊടുക്കുകയാണ് ഇപ്പോൾ.

ഈ ഭക്ഷണശാലയുടെ കെട്ടും മട്ടും നടത്തിപ്പും ഒക്കെ വളരെ കൗതുകകരവും ആകർഷണീയവുമാണ്. വളരെ പ്രൗഢവും കുലീനവുമാണ് സാൾട്ട് മാംഗോ ട്രീയുടെ ഇന്റീരിയർ. മട്ടാഞ്ചേരിയിലെ ജൂതത്തെരുവിൽ ആന്റിക് സാധനങ്ങൾ വിൽക്കുന്ന ഒരു കടയുടെ പ്രതീതിയാണ് ഉണർത്തുന്നത്. സാധാരണയിൽ നിന്ന് വ്യത്യസ്തമായി വെള്ളച്ചായമാണ് ചുമരിൽ. ഊൺമേശയുടെ പ്രതലവും വെള്ള തന്നെ.അഴുക്കായാൽ വേഗം തിരിച്ചറിയാം എന്നതിനാലാണ് വെള്ളനിറം നൽകിയതെന്ന് ഷബീർ.മുഷിയുന്നത് അറിയാതിരിക്കാൻ കടും കളർ ഉപയോഗിക്കാനുള്ള അനുഭവസ്ഥരുടെ ഉപദേശം മറികടന്ന് ധീരമായി വെള്ളയെ സ്വീകരിക്കുകയായിരുന്നു. പഴയ ഓടിട്ട മച്ചുള്ള കെട്ടിടത്തിന്റെ ഗാംഭീര്യം.ചുമരിൽ ഷോപ്പിന്റെ നിലപാടുകൾ എഴുതിയ ചെറിയ ഫലകങ്ങൾ. ഇവയെല്ലാം ഭക്ഷണശാലയെ ഹൃദ്യമാക്കുന്നു. വളരെ ചിലവുകുറഞ്ഞ നിർമ്മാണരീതിയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. പ്ലൈവുഡിന്റെ സ്വാഭാവികത നിലനിർത്തിയത് ചിലവുകുറയ്ക്കുകയും മിഴിവു കൂട്ടുകയും ചെയ്യുന്നു.ഒരാൾക്ക് 50 പേർക്ക് വരെ ഒരേ സമയം ഭക്ഷണം വിളമ്പാൻ കഴിയുംവിധമാണ് ക്രമീ

# സാൾട്ട് മാംഗോ ട്രീ

## അഥവാ ഉച്ചഭക്ഷണം റെഡി..

**നമ്പർ 26, ഊട്ടി റോഡ്, എടവണ്ണ**
**കേരളം, ഇന്ത്യ**




കരണം. ചുരുങ്ങിയ ചിലവ്, ചുരുങ്ങിയ മനുഷ്യാദ്ധ്വാനം, പിന്നെ വീട്ടിലെ അടുക്കളയും, വീട്ടിലെ അമ്മയുടെ നിപുണതയും കുറച്ച് ഭാവനാപരമായ സംരംഭകത്വവും കൈമുതലാക്കി യ ഈ സംരംഭം ജീവിക്കാനുള്ള വക കൊടുക്കുന്നതാണന്ന് ചുരുങ്ങിയ കാലം കൊണ്ടു തന്നെ ബോധ്യപ്പെടുത്തിയതായി 'ഉപ്പുമാവി'ന്റെ സംഘാടകനായ ഷബീർ പറയുന്നു.

തന്റെ ഭക്ഷണശാലയുടെ പ്രത്യേകത ഷബീർ അക്കമിട്ടു നിരത്തുന്നു. ഒന്നാമതായി വളരെ തനതും സ്വാഭാവികവുമായ ഭക്ഷണം, രണ്ടാമതായി മായമോ രാസക്കൂട്ടുകളോ മറ്റ് ശരീരത്തിന് ഹാനികരമായ ചേരുവകളോ തീരെയില്ല. മൂന്നാമത് കേടുവന്നതോ പഴയതോ ആയ ഭക്ഷണം വിളമ്പാനുള്ള യാതൊരു സാഹചര്യവും ഉച്ചഭക്ഷണം മാത്രം വിളമ്പുന്ന ഇവിടെയില്ല. നാലാമത്തേത് വീട്ടിലെ അമ്മയുടെ പാചകം അതിന്റെ കൈപ്പുണ്യം ഒട്ടും ചോരാതെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നു.

ഈ ഭക്ഷണശാലയുടെ സ്വാഭാവികമായ അവസ്ഥ തന്നെയാണ് ഇതിനെ സവിശേഷമാക്കുന്നത്. വീട്ടിൽ വെച്ച് പാചകം ചെയ്ത് ഭക്ഷണശാലയിൽ വിളമ്പുന്നു എന്നുതന്നെയാണ് ഏറ്റവും വലിയ സാധ്യത. വളരെ ഫ്രഷായ ഒരു ഡൈനിംഗ് ഹാൾ ഇവിടെ സദാ സജ്ജമായിരിക്കുന്നു. പാചകം ചെയ്യുമ്പോഴുണ്ടാകുന്ന പുകയോ മാലിന്യങ്ങളോ യാതൊന്നും ഭക്ഷണം വിളമ്പുന്നിടത്ത് എത്തുന്നില്ല. മാലിന്യസംസ്കരണത്തിന്റെ കാര്യത്തിലും ഈ ഉച്ചഭക്ഷണശാല മാതൃകയാണ്.


അതുകൊണ്ടൊക്കെത്തന്നെയാവാം ചുരുങ്ങിയ കാലം കൊണ്ട് ഇതൊരു തിരക്കുപിടിച്ച ഭക്ഷണശാലയായി മാറിക്കഴിഞ്ഞത്. സാൾട്ട് മാംഗോ ട്രീയിലെ ഉച്ചഭക്ഷണം നാട്ടുകാർക്കിടയിൽ പ്രിയപ്പെട്ടതായി മാറിയിരിക്കുന്നു.


അടുക്കളയിൽ ഒരുനാളും ആരും വില കൊടുത്തിട്ടില്ലാത്ത അമ്മ പാചകം ഇവിടെ മാനിക്കപ്പെടുകയാണ്. വീട്ടിലെ അടുക്കളച്ചുമരിനുള്ളിൽ എരിഞ്ഞുതീരുന്ന അമ്മമാരുടെ നൈപുണ്യവും കൈപ്പുണ്യവും തിരിച്ചറിഞ്ഞ് അവരെ ആദരിക്കുന്നതിന്റെ ഒരു നല്ല മാതൃക കൂടിയാണ് ഈ സംരംഭം. എന്ന് സാൾട്ട് മാംഗോ ട്രീ പറയാതെ പറയുന്നു.


*സാൾട്ട് മാംഗോ ട്രീയുടെ ഫോൺ: 9388804851*

**തൊഴിൽ, ജോലി, സേവനം എന്തുമാവട്ടെ, അതെത്ര ചെറുതുമാവട്ടെ, അതിലെ ആഴമായ അർപ്പണവും അതിൽ പ്രകടിപ്പിക്കുന്ന ക്രിയാത്മകതയും അതിനെ മഹത്വപൂർണ്ണമാക്കുന്നു എന്നതാണ് ഈ ഭക്ഷണശാല ഓർമ്മിപ്പിക്കുന്നത്.**

*ആയിഷ*






ഒരു ദിവസം പുതുതായി ആരംഭിച്ച ലണ്ടനിലെ **ജെന്റിൽമെൻ ബാരിസ്റ്റാസ്** എന്ന കോഫീ ഷോപ്പിൽ ഒരു സഹൃത്തുമൊന്നിച്ച് പോയതാണ് . 'മാക് മില്യൻ കാൻസർ സപ്പോർട്ട്' എന്ന ജീവകാരുണ്യസംരംഭത്തിന് പണം സമാഹരിക്കുന്ന പരിപാടിയിൽ പങ്കെടുത്തതേ ഉണ്ടായിരുന്നുള്ളൂ എന്റെ സുഹൃത്ത്. കാപ്പിയുടെ ബിൽ കൊടുക്കുമ്പോൾ കട നടത്തിപ്പുകാരിൽ ഒരാളായ എഡ്‌വെർഡ് പർക്ക്സ് ഞങ്ങളുടെ അടുത്തേക്ക് വന്ന് തവിട്ടുനിറത്തിലുള്ള ഒരു ചെറിയ കവർ സുഹൃത്തിനു നേരെ നീട്ടി. എന്താണ് കവറിനകത്ത് എന്നു ഞങ്ങൾ ചോദിച്ചപ്പോൾ അയാൾ കാര്യം പറഞ്ഞു. 'സത്ഫലത്തിന്റെ കാർഡ്' ആണത്രേ കവറിനകത്ത്. തങ്ങൾക്ക് ഒരു പുഞ്ചിരി സമ്മാനിക്കുകയോ, ദയാകടാക്ഷത്തിന്റെയോ സ്നേഹനിർഭരതയുടെയോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നവരെന്ന് തോന്നിക്കുന്നവർക്കോ സമ്മാനമായി ആ ഷോപ്പ് നടത്തിപ്പുകാർ കൊടുക്കുന്നതാണത്രേ നല്ല ഫലത്തിന്റെ കാർഡ്. കാർഡ് കിട്ടുന്നവർ സമാനരായ മറ്റ് വ്യക്തികൾക്ക് അത് കൈമാറും. ആ കാർഡുമായി വരുന്നവർക്ക് ആ കോഫീഷോപ്പിൽ നിന്ന് സൗജന്യമായി ഒരു കപ്പ് കാപ്പി കുടിക്കാം. സ്നേഹത്തെയും കാരുണ്യത്തെയും പ്രവൃത്തിയിൽ ആവിഷ്കരിക്കുന്നു. ഒരു ചെറിയ ബിസിനസ്സ് സംരംഭവും സർഗ്ഗാൽമകവും സ്നേഹനിർഭരവുമായ ഇടപെടൽ കൊണ്ട് വിശുദ്ധസ്ഥലമാക്കപ്പെടുന്നു.. ബ്രിട്ടീഷ് നടനും കോളമിസ്റ്റുമായ **അലക്സ് ആൻഡ്രൂ പറയുന്ന അനുഭവം ഏതു ചെറിയ സാഹചര്യത്തെയും ചെറിയ പ്രവർത്തിയെയും സ്നേഹനിർഭരമാക്കുന്നതിനെക്കുറിച്ചാണ്.**

**ഏതു ചെറിയ കാര്യവും ആഴവും അർപ്പണവും കൊണ്ട് മഹത്തരമാകുന്നു.. അതിനാൽ ചെറിയ കാര്യങ്ങളെക്കുറിച്ചും ഇനി ആലോചിക്കാം..ആഴം വലുപ്പത്തെ നിരാകരിക്കും...**

# ലിറ്റിൽ മാസിക

ജീവിതത്തിന്റെ സാധാരണത്തവും ചെറുതുകളുടെ സാധ്യതകളും
കൂട്ടായി ആലോചിക്കുന്ന ചെറിയ മാസിക. ആലോചനകൾ പങ്കു വെക്കുക

ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ,
മലപ്പുറം-679334

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at A-On offsetPrinters, Ramanattukara for Co-Operative Press Chungathara.